# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P1/396/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 25/07/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P1/396/2022 തീയ്യതി: 25/07/2022

# കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2020 മുതൽ 05-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-11-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അമ്പിളി.എം.ഡി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 07-02-2022 | 19-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-02-2022 | 19-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ് കുമാർ പി., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.ശശിജോഷ് എം., ഓഡിറ്റ് ഓഫീസർ
ശ്രീ.അനന്തനാരായണൻ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.അനീഷ് വി.എസ്, സീനി. ഗ്രേഡ് ഓഡിറ്റർ
ശ്രീ.സുനിൽ കുമാർ യു.എസ്,ഓഡിറ്റർ
ശ്രീമതി റജിന എ.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ലൈലാ ബീവി | പ്രസിഡന്റ് | 01-04-2020 | 15-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരണം | പ്രസിഡന്റ് | 15-11-2020 | 29-12-2020 |
| ശ്രീ പി അനിൽകുമാർ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ രമേഷ് കെ.എസ് | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അനിലാൽ വി.ആർ | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ പ്രിയകുമാർ പി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ മനോജ് ജോൺസൺ | വെറ്റിനറി സർജൻ | 01-04-2020 | 25-05-2020 |
| ഡോ ബിന്നി സാമുവൽ | വെറ്റിനറി സർജൻ | 26-05-2020 | 08-09-2020 |
| ഡോ ജോയി ഫ്രാൻസിസ് | വെറ്റിനറി സർജൻ | 09-09-2020 | 27-09-2020 |
| ശ്രീ സന്തോഷ് എം.എസ് | വി.ഇ.ഒ.2 | 01-04-2019 | 16-07-2020 |
| ശ്രീ അഭിലാഷ് ആർ | വി.ഇ.ഒ.2 | 17-07-2019 | 31-03-2021 |
| ഡോ അയ്യൻഖാൻ | വെറ്റിനറി സർജൻ | 28-09-2020 | 31-03-2021 |
| ഡോ പ്രകാശ് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ തോമസ്സ് കോശി | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2020 | 31-03-2021 |
| ശ്രീ.വൈശാഖൻ ആർ.എൽ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 22-07-2020 |
| ശ്രീ.ഗോകുൽകൃഷ്ണൻ | അസിസ്റ്റന്റ് എഞ്ചിനിയർ | 22-07-2020 | 14-11-2020 |
| ശ്രീമതി രമ്യാ സത്യൻ | അസിസ്റ്റന്റ് എഞ്ചിനിയർ | 14-11-2020 | 31-03-2021 |
| ശ്രീമതി നമിതാ | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ജസ്റ്റിൻ | | | |
| ശ്രീ ശ്രീനാഥ് ബി.എസ് | വി.ഇ.ഒ. | 01-04-2020 | 31-03-2021 |
| ശ്രീ സന്തോഷ് എം.എസ് | വി.ഇ.ഒ.2 | 01-04-2020 | 16-07-2020 |
| ശ്രീ അഭിലാഷ് ആർ | വി.ഇ.ഒ.2 | 17-07-2020 | 31-03-2021 |
| ശ്രീമതി അശ്വതി പി.എം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sunilkumar.U.S (Auditor, On 21-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Sunilkumar.U.S (Auditor, On 21-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 1-2 |
| 3 | 2020-21 വർഷത്തെ വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ<br>Written By: Aneesh V.S (Senior Grade Auditor, On 03-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-2-1 |
| 4 | വിവിധ ബാദ്ധ്യത ശീർഷകങ്ങളിലെ അക്കൌണ്ടിംഗിലെ അപാകത<br>Written By: Aneesh V.S (Senior Grade Auditor, On 15-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-2-2 |
| 5 | തെറ്റായ രീതിയിൽ ബാങ്ക് റീക്കൺസിലിയേഷൻ നടത്തുന്നു.<br>Written By: Aneesh V.S (Senior Grade Auditor, On 15-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-2-3 |
| 6 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Sunilkumar.U.S (Auditor, On 22-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-3 |
| 7 | ഗ്രാന്റ് വിനിയോഗം<br>Written By: Aneesh V.S (Senior Grade Auditor, On 04-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-4 |
| 8 | പദ്ധതി അവലോകനം<br>Written By: Sunilkumar.U.S (Auditor, On 21-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sunilkumar.U.S (Auditor, On 21-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-6 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: Sunilkumar.U.S (Auditor, On 21-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-7 |
| 11 | ക്യാഷ് പരിശോധന<br>Written By: Sunilkumar.U.S (Auditor, On 21-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാന്വൽ പാർട്ട് 1 അനുബന്ധം ബി)<br>Written By: Sunilkumar.U.S (Auditor, On 21-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sunilkumar.U.S (Auditor, On 21-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-10 |
| 14 | നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കുന്നില്ല.<br>Written By: Sunilkumar.U.S (Auditor, On 21-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-11 |
| 15 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല.<br>Written By: Sunilkumar.U.S (Auditor, On 21-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-12 |
| 16 | തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്നു.<br>Written By: Sunilkumar.U.S (Auditor, On 21-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-13 |

| | | |
|---|---|---|
| 17 | സേവന ഉപനികുതി ഈടാക്കുന്നതിന്റെ സാധ്യത പരിഗണിക്കുന്നില്ല.<br>Written By: Sunilkumar.U.S (Auditor, On 21-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-14 |
| 18 | സുവർണ്ണജൂബിലി കെട്ടിടത്തിലെ കടമുറികൾ കൈമാറിയില്ല - വരുമാന നഷ്ടം.<br>Written By: Sunilkumar.U.S (Auditor, On 21-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-15 |
| 19 | ലേലത്തുക ഇനത്തിൽ 6,93,750/-രൂപ ഈടാക്കാൻ അവശേഷിക്കുന്നു.<br>Written By: Sunilkumar.U.S (Auditor, On 21-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-16 |
| 20 | റീട്ടെയിൽ റേഷൻ വ്യാപാരികളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽനികുതി ഡിമാന്റ് ചെയ്യുന്നില്ല.<br>Written By: Sunilkumar.U.S (Auditor, On 22-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-17 |
| 21 | വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് കുറഞ്ഞനിരക്കിൽ നികുതി നിർണ്ണയിച്ചു.<br>Written By: Sunilkumar.U.S (Auditor, On 22-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-18 |
| 22 | മരാമത്ത് പ്രവൃത്തികൾ - അളവുകൾ രേഖപ്പെടുത്തിയതിലെ അപാകതമൂലം അധിക ചെലവുണ്ടായി.<br>Written By: Pradeep Kumar P (Audit Officer (HG), On 21-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-19 |
| 23 | പാലിയേറ്റീവ് പരിചരണം - ന്യൂട്രീഷൻകിറ്റ് വിതരണ രേഖകൾ ഹാജരാക്കിയില്ല.<br>Written By: Sunilkumar.U.S (Auditor, On 21-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-20 |
| 24 | പാലിയേറ്റീവ് കെയർ - കോവിഡ്-19 ഇൻസെന്റീവ് തുക വികസനഫണ്ടിൽ നിന്നും ചെലവഴിച്ചു.<br>Written By: Sunilkumar.U.S (Auditor, On 21-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-21 |
| 25 | കരാർ കാലാവധിയ്ക്ക് ശേഷം നിർമ്മാണം പൂർത്തീകരിച്ചു - അന്തിമ ബില്ലിൽ നിന്നും Compensation For Delay Charges ഈടാക്കിയിട്ടില്ല.<br>Written By: Pradeep Kumar P (Audit Officer (HG), On 22-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-22 |
| 26 | എൽ എസ് ജി ഡി അസിസ്റ്റന്റ് എൻജിനീയർക്ക് വാഹനസൗകര്യം - പദ്ധതി മാനദണ്ഡങ്ങൾ പാലിക്കാതെ തുക ചെലവ് വരുത്തി - ചെലവഴിച്ച 79,782/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.<br>Written By: Pradeep Kumar P (Audit Officer (HG), On 25-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-23 |
| 27 | പാലിന് സബ്സിഡി - തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം അനുവദനീയമായതിലും അധിക നിരക്കിൽ നല്കി.<br>Written By: Pradeep Kumar P (Audit Officer (HG), On 26-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-24 |
| 28 | എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കൽ - ഇൻവോയ്സ് പ്രകാരമുള്ളതിനേക്കാൾ 2,748/- രൂപ കൂടുതൽ നൽകി.<br>Written By: Anandanarayanan M (Asst. Audit Officer, On 27-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-25 |
| 29 | വിനിയോഗ സാക്ഷ്യപത്രം/പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.<br>Written By: Anandanarayanan M (Asst. Audit Officer, On 27-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-26 |

| | | |
|---|---|---|
| 30 | ബെയിലിംഗ് മെഷീൻ - പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ 5,47,470/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Anandanarayanan M (Asst. Audit Officer, On 27-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-27 |
| 31 | ലേണേഴ്സ് ലൈസൻസ് ഇല്ലാത്തവർക്ക് മുച്ചക്രവാഹനം വാങ്ങി നൽകി. 92,001/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Aneesh V.S (Senior Grade Auditor, On 06-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-28 |
| 32 | 35,000/- രൂപ മുൻകൂർ കൈപ്പറ്റിയിട്ടും ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല.<br>Written By: Aneesh V.S (Senior Grade Auditor, On 06-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-29 |
| 33 | 40,000/-രൂപ മുൻകൂർ കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.<br>Written By: Aneesh V.S (Senior Grade Auditor, On 06-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | മരാമത്ത് പ്രവൃത്തി - അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നതിൽ അപാകത : 26,693/-രൂപ ഈടാക്കണം.<br>Written By: Pradeep Kumar P (Audit Officer (HG), On 21-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 3-1 |
| 2 | എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കൽ - ഇൻവോയ്സ് പ്രകാരമുള്ളതിനേക്കാൾ 2,748/- രൂപ കൂടുതൽ നൽകി.<br>Written By: Anandanarayanan M (Asst. Audit Officer, On 27-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 3-2 |
| 3 | എൽ എസ് ജി ഡി അസിസ്റ്റന്റ് എൻജിനീയർക്ക് വാഹനസൗകര്യം - പദ്ധതി മാനദണ്ഡങ്ങൾ പാലിക്കാതെ തുക ചെലവ് വരുത്തി - ചെലവഴിച്ച 79,782/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.<br>Written By: Bini Chandran S (Computer Assistant, On 25-07-2022)<br>Last Updated By: Santhosh N (Computer Assistant, On 25-07-2022) | 3-3 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sunilkumar.U.S (Auditor, On 21-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Aneesh V.S (Senior Grade Auditor, On 04-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sunilkumar.U.S (Auditor, On 21-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sunilkumar.U.S (Auditor, On 21-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sunilkumar.U.S (Auditor, On 21-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 4-5 |

| | | |
|---|---|---|
| 6 | സ്ഥിര നിക്ഷേപം<br>Written By: Sunilkumar.U.S (Auditor, On 21-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sunilkumar.U.S (Auditor, On 21-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sunilkumar.U.S (Auditor, On 21-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sunilkumar.U.S (Auditor, On 21-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sunilkumar.U.S (Auditor, On 22-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sunilkumar.U.S (Auditor, On 21-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധം-3 | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് 10.03.2020-ലെ I-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 5.7.20 | - | - |

### 1-2-1 2020-21 വർഷത്തെ വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

2020-21 വാർഷിക കണക്ക് പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

I ) Life- Loan- 47,75,850/- /-രൂപ ലോൺ ബാദ്ധ്യത വ്യത്യാസമുണ്ട്

2020-21 ലോൺ തിരിച്ചടയക്കാൻ ബാക്കി തുക വാർഷിക കണക്കിൽ 47,75,850/-രൂപ വ്യത്യാസമുണ്ട് വിശദാംശം ചുവടെ ചേർക്കുന്നു

എ)2019-20 ലോൺ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക = 2,83,52,353/-

തൻവർഷം എടുത്ത വായ്പ = 2,88,60,000/-

5,72,12,353/-

വികസന ഫണ്ടിൽ നിന്നുംസ്രോതസ്സിൽ കുറവ് ചെയ്ത വായ്പ തിരിച്ചടവ് തുക = 40,99,686/-

2020-21 ലോൺ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക = 5,31,12,667/-

AFS ഷെഡ്യൂൾ B (5) പ്രകാരമുള്ള ലോൺ ബാദ്ധ്യത = 4,83,36,817/-

വ്യത്യാസം = 47,75,850/-

ബി) R P ഷെഡ്യൂൾ 32 ശീർഷകം (330500201) പ്രകാരം 75,33,640/-രൂപ തൻ വർഷം പഞ്ചായത്തിൽ നിന്നും ലോൺ തിരിച്ചടച്ചതായി തെറ്റായി കാണിച്ചിരിക്കുന്നു. തൻവർഷം സ്രോതസ്സിൽ നിന്നുമാണ് 40,99,686/- രൂപയാണ് തിരിച്ചടച്ചത്. വായ്പ തുകയിൽ നിന്നും ലൈഫ് ഗുണഭോക്താക്കൾക്ക് നൽകിയ ആനുകല്യം Prepaid Programme Expenseശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടുന്നതിന് പകരം Secured Loanശീർഷകത്തിൽ ഉൾപ്പെടുത്തിയതാണ് മേൽഅപാകതയ്ക്ക് കാരണം

സ്ഥാപനത്തിൽ ലോൺ രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

II ) സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾക്ക് പ്രോജക്ട് തയ്യാറാക്കിയിട്ടില്ല.

വികസന ഫണ്ട് (ജനറൽ)

അംഗൻവാടി ഓണറേറിയം അധിക വിഹിതം = 15,76,800/-

ലൈഫ് വായ്പ തിരിച്ചടവ് = 23,56,196/-

വികസന ഫണ്ട് (SCP)

ലൈഫ് വായ്പ തിരിച്ചടവ് = 10,10,157/-

വികസന ഫണ്ട് (TSP)

ലൈഫ് വായ്പ തിരിച്ചടവ് = 7,33,333/-

III) വികസന ഫണ്ട് (ജനറൽ), (SCP) എന്നിവയുടെ വരവുകൾ AFS, ACR എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | AFS | ACR |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 39259226 | 39221106 |
| വികസന ഫണ്ട് (SCP) | 17181750 | 16896750 |

IV) Advance To Implementing Agencies

എ) 2020-21 ൽ പ്രോജ.നം. 153/21 പ്രകാരം 10,00,000/- KWA യ്ക്കും പ്രോജ.നം.286/21 പ്രകാരം 58,469/-രൂപ KSEB യിലും ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവ് വിവരം RP- 47 ൽ ഉൾപ്പെടുത്തിയില്ല.

V) സുലേഖ സ്റ്റേറ്റുമെന്റും വാർഷിക കണക്കുകളും പൊരുത്തപ്പെടുന്നില്ല. (ഖ-1-2-2 കാണുക)

320300199 ശീർഷകത്തിൽ വാർഷിക കണക്കുകൾ പ്രകാരം 44387/- രൂപ ഡെബിറ്റ് ബാലൻസുണ്ട്. സുലേഖ സ്റ്റേറ്റുമെന്റ് പ്രകാരം പ്രോജക്ട് ചെലവ് 1035138/- രൂപയുമാണ്. ശീർഷകത്തിൽ ഉൾപ്പെടാത്ത ചെലവ് 990751/- രൂപ. 320200322 ശീർഷകത്തിൽ (ശുചിത്വമിഷൻ ഗ്രാന്റ് ) വാർഷിക കണക്കുകൾ പ്രകാരം ചെലവ് 1389171/- രൂപയും സുലേഖ സ്റ്റേറ്റുമെന്റ് പ്രകാരം പ്രോജക്ട് നം. 272/21, 219/21, 309/21 എന്നിവ പ്രകാരം 1336557/- രൂപയുമാണ്. ശീർഷകത്തിൽ ഉൾപ്പെടാത്ത ചെലവ് 52614/- രൂപ.

VI) Capital Work In Progress

എ) 2020-21 ൽ RP- 40 പ്രകാരം 79,85,333/-രൂപയും പാർട്ട് ബിൽ നൽകിയിട്ടുണ്ട്. എന്നാൽ അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി നൽകിയ റിപ്പോർട്ട് പ്രകാരം 14,37,197/-രൂപ മാത്രമാണ് പാർട്ട് ബിൽ നൽകിയത്.

VII) MGNREGS

1) AFS പ്രകാരം 18,61,752/-രൂപ വരവുണ്ട്. രജിസ്റ്റർ പ്രകാരം തൻവർഷം 18,82,467/- രൂപ അഡ്മിനിസ്ട്രേറ്റീവ് വരവുണ്ട്.

വ്യത്യാസം = 20,715/-

2) അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമല്ല.

VIII) മാർക്കറ്റ് വരവ്

രജിസ്റ്റർ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
രജിസ്റ്റർ പ്രകാരം 693750/-രൂപ തൻവർഷം കുടിശ്ശിക രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ B15 ഷെഡ്യൂൾ പ്രകാരം തന്നാണ്ട് കുടിശ്ശിക 703300/- രൂപയാണ്.

IX) വിവിധ DCB രജിസ്റ്ററുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

X) ബാങ്ക് റീക്കൺസിലിയേ ഷൻ കൃത്യമല്ല. (ഖ – 1-2-3 കാണുക)

ഓഡിറ്റ് എൻക്വയറി - 21/19-02-22

1-2-2 വിവിധ ബാദ്ധ്യത ശീർഷകങ്ങളിലെ അക്കൌണ്ടിംഗിലെ അപാകത

എ) H/A = 320300199 (Corp. Fund For SC/ST)

AFS പ്രകാരമുള്ള ചെലവ് = 44387/-

സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

(1) പ്രോജക്ട് നം. 176

ചെക്ക് നം. 2094662, തീ. 17/12/2020 = 406040/-

ചെക്ക് നം. 840828, തീ. 15/09/2021 = 472146/-

878126/-

(2) പ്രോജക്റ്റ് നം. 197

ചെക്ക് നം. 1849205, തീ. 17/07/2020 = 44387/-

ചെക്ക് നം. 201062, തീ. 21/03/2021 = 112564/-

Service Charge 11

156962/-

സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ ചെലവ് = 10,35,138/-

320300199 ശീർഷകത്തിൽ ഉൾപ്പെടാത്ത ചെലവ് = 990751/- (1035138-44387)

ബി) H/A = 320200322 ( Grant From Suchithva Mission )

AFS പ്രകാരമുള്ള ചെലവ് = 13,89,171/-

സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

(1) Projcet No. 272

വൌച്ചർ നം. 22001113, തീ. 30/01/21 = 4,86,000/-

ചെക്ക് നം. 10887, തീ. 30/01/21 7,77,600/-

വൌച്ചർ നം. 22001312, തീ. 05/03/21 = 2,91,600/-

ചെക്ക് നം. 10900, തീ. 05/03/21

(2) Projcet No. 309

വൌച്ചർ നം. 22001423, തീ. 31/03/21 55,000/-

ചെക്ക് നം. 10905, തീ. 30/03/21

(3) Projcet No. 219

ചെക്ക് നം. 10889, തീ. 01/02/21 = 3,98,126/- 5,03,957/-

ചെക്ക് നം. 201062, തീ. 31/03/21 = 1,05,831/-

13,36,557/-

വ്യത്യാസം = 52,614/-

1-2-3 തെറ്റായ രീതിയിൽ ബാങ്ക് റീക്കൺസിലിയേഷൻ നടത്തുന്നു.

(1) KGB A/C No. 6083

എ) 1. 31.03.2020-ൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരവും ബാങ്ക് ബുക്ക് പ്രകാരവും നീക്കിയിരുപ്പ് തുക 1,48,614/-രൂപ ആണ്. എന്നാൽ റീക്കൺസിലിയേഷൻ പത്രികയിൽ ചെക്ക് നം. 8834, തീ. 19.11.19 പ്രകാരം 2500/-രൂപ ' Cheque Issued But Not Presented’ ൽ അവശേഷിക്കുന്നു.

ബി) 11/ 2020-ലെ റീക്കൺസിലിയേഷൻ പത്രികയിൽ ഉൾപ്പെട്ട Uncashed Cheque- തുകകളിൽ 10/2020-ലെ റീക്കൺസിലിയേഷൻ പത്രികയിൽ ഉൾപ്പെടാത്തതും എന്നാൽ മുൻമാസങ്ങളിലെ ‘ Instrument Numbers ’ ചേർത്തിരിക്കുന്നതുമായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| Instrument Number | Date | Amount |
|---|---|---|
| 10721 | 26/08/2020 | 33245/- |
| 10631 | 10/08/2020 | 1188/- |

| | | |
|---|---|---|
| 10200 | 17/06/2020 | 500/- |
| 10424 | 08/07/2020 | 52992/- |
| 10429 | 13/07/2020 | 2025/- |
| 10533 | 14/07/2020 | 121/- |
| 10545 | 22/07/2020 | 5300/- |
| 10575 | 27/08/2020 | 20000/- |

സി) 10/2020 ലെ റീക്കൺസിലിയേഷൻ തെറ്റായ രീതിയിൽ Cheque Issued But Not Presented' തയ്യാറാക്കിയതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ചെക്ക് നമ്പർ | തീയതി | തുക | റിമാർക്ക്സ് |
|---|---|---|---|
| 200940 | 14/10/2020 | 7709/- | 10/2020ലെ റീക്കൺസിലിയേഷനിൽ ഉൾപ്പെട്ട ' Cheque Issued But Not Presented' തുകകൾ 11/2020 ൽ ബാങ്കിൽ നിന്നും ക്യാഷ് ചെയ്യാത്തതും എന്നാൽ 11/2020 ലെ റീക്കൺസിലിയേഷൻ പത്രികയിൽ നിന്നും ഒഴിവാക്കിയതായും കാണുന്നു |
| 10414 | 03/07/2020 | 1200/- | ടി തുക 07-07-2020 ൽ ബാങ്കിൽ നിന്നും പിൻവലിക്കപ്പെട്ടിട്ടുള്ളതാണ് |
| 10544 | 22/07/2020 | 57540/- | ടി തുക 22-07-2020 ൽ ബാങ്കിൽ നിന്നും പിൻവലിക്കപ്പെട്ടിട്ടുള്ളതാണ് |
| 10182 | 11/06/2020 | 202/- | ടി തുക 23-06-2020 ൽ ബാങ്കിൽ നിന്നും പിൻവലിക്കപ്പെട്ടിട്ടുള്ളതാണ് |
| 10201 | 17/07/2020 | 1500/- | ടി തുക 18-07-2020 ൽ ബാങ്കിൽ നിന്നും പിൻവലിക്കപ്പെട്ടിട്ടുള്ളതാണ് |

ഇ) 02/2021ലെ റീക്കൺസിലിയേഷൻ തെറ്റായ രീതിയിൽ Cheque Issued But Not Presented' തയ്യാറാക്കിയതായി കാണുന്നു വിശദാംശം ചുവടെ ചേർക്കുന്നു

| ചെക്ക് നമ്പർ | തീയതി | തുക | |
|---|---|---|---|
| വൌച്ചർ നമ്പർ - 3200369 | 22/01/21 | 6791/- | 02/2021ലെ റീക്കൺസിലിയേഷനിൽ ഉൾപ്പെട്ടിട്ടുണ്ട്. 03/2021 ൽ ക്യാഷ് ചെയ്തിട്ടില്ല. 03/2021 ലെ റീക്കൺസിലിയേഷൻ പത്രികയിൽ നിന്നും ഒഴിവാക്കി. |
| " 10200 | 17/06/20 | 500/- | 02/2021ലെ റീക്കൺസിലിയേഷനിൽ ഉൾപ്പെട്ടിട്ടുണ്ട്. 03/2021 ൽ ക്യാഷ് ചെയ്തിട്ടില്ല. 03/2021ലെ റീക്കൺസിലിയേഷൻ പത്രികയിൽ നിന്നും ഒഴിവാക്കി |
| " 10424 | 08/07/20 | 52992/- | ടി തുക 10-07-2020 ൽ ബാങ്കിൽ നിന്നും പിൻവലിക്കപ്പെട്ടിട്ടുള്ളതാണ് |
| " 10429 | 13/07/20 | 2025/- | ടി തുക 13-07-2020 ൽ ബാങ്കിൽ നിന്നും പിൻവലിക്കപ്പെട്ടിട്ടുള്ളതാണ് |
| " 10533 | 14/07/20 | 121/- | ക്യാൻസൽഡ് ചെക്ക് |
| " 10545 | 22/07/20 | 5300/- | ടി തുക 22-07-2020 ൽ ബാങ്കിൽ നിന്നും പിൻവലിക്കപ്പെട്ടിട്ടുള്ളതാണ് |

| | | | |
|---|---|---|---|
| " 206684 | 09/12/20 | 6791/- | 02/2021ലെ റീക്കൺസിലിയേഷനിൽ ഉൾപ്പെട്ടിട്ടുണ്ട്, 03/2021 ൽ ക്യാഷ് ചെയ്തിട്ടില്ല. 03/2021ലെ റീക്കൺസിലിയേഷൻ പത്രികയിൽ നിന്നും ഒഴിവാക്കി |
| വൌച്ചർ നം 3200280 | 10/11/20 | 44250/- | 02/2021ലെ റീക്കൺസിലിയേഷനിൽ ഉൾപ്പെട്ടിട്ടുണ്ട്. 03/2021 ൽ ക്യാഷ് ചെയ്തിട്ടില്ല. 03/2021 ലെ റീക്കൺസിലിയേഷൻ പത്രികയിൽ നിന്നും ഒഴിവാക്കി. |
| " 32000295 | 24/11/20 | 12500/- | 02/2021ലെ റീക്കൺസിലിയേഷനിൽ ഉൾപ്പെട്ടിട്ടുണ്ട്. 03/2021 ൽ ക്യാഷ് ചെയ്തിട്ടില്ല. 03/2021 ലെ റീക്കൺസിലിയേഷൻ പത്രികയിൽ നിന്നും ഒഴിവാക്കി. |
| ചെക്ക് നമ്പർ 10721 | 26/08/20 | 33245/- | ടി തുക 27-08-2020 ൽ ബാങ്കിൽ നിന്നും പിൻവലിക്കപ്പെട്ടിട്ടുള്ളതാണ് |
| " 10631 | 10/08/20 | 1188/- | ടി തുക 12-08-2020 ൽ ബാങ്കിൽ നിന്നും പിൻവലിക്കപ്പെട്ടിട്ടുള്ളതാണ് |

2) KGB A/C No. 240598101038064 ന്റെ 3/2021 ലെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല.

3/21 ലെ ബാങ്ക് ബുക്ക് നീക്കിയിരുപ്പ് = 1,45,02,207/-

3/21 ലെ ബാങ്ക് പാസ്സ് ബുക്ക് നീക്കിയിരുപ്പ് = 1,19,52,007/-

3) KDCDB A/C No.3188 ന്റെ 28/09/2020 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് മാത്രമാണ് ഹാജരാക്കിയത്. 28/09/2020 ലെ നീക്കിയിരുപ്പായ 4,88,018/-രൂപയാണ് 31/3/21 ലെ നീക്കിയിരുപ്പായി AFS ഉൾപ്പെടുത്തിയിരിക്കുന്നത്.

4) Total Housing Kulathupuzha SCB A/C No. 9862 ന്റെ 24/03/2021 വരെയുള്ള പാസ്സ്ബുക്കാണ് ഹാജരാക്കിയത്. 24/03/2021 ലെ നീക്കിയിരുപ്പായ 1,66,237/- രൂപ 31/03/2021 ലെ നീക്കിയിരുപ്പായി AFS ൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

5) Health Religion Fund 10792 ന്റെ 6/12/2019 വരെയുള്ള പാസ്സ്ബുക്കാണ് ഹാജരാക്കിയത്. 6/12/19 ലെ നീക്കിയിരുപ്പായ 14868/-രൂപയാണ് 31/3/21 ൽ നീക്കിയിരുപ്പായി ഉൾപ്പെടുത്തിയിരിക്കുന്നത്.

ഓഡിറ്റ് എൻക്വയറി - 21/19-02-22

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5,65,32,753/- |
| വരവ് | 19,96,74,219/- |
| ആകെ | 25,62,06,972/- |
| ചെലവ് | 23,42,28,195/- |
| നീക്കിയിരിപ്പ് | 2,19,78,777/- |
| വരവിനങ്ങളില്ലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളില്ലുള്ള നഷ്ടം | 1,09,223/- |
| തടസ്സപ്പെടുത്തിയ തുക | 10,94,182/- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | - | 43869000/- | 43869000/- | 43154102/- | 714898/- |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി | | - | 19264500/- | 19264500/- | 17906907/- | 1357593/- |
| വികസന ഫണ്ട്-ടി.എസ്.പി | | - | 4704000/- | 4704000/- | 4551409/- | 152591/- |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | - | 15711000/- | 15711000/- | 13200110/- | 2510890/- |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | - | 7766644/- | 7766644/- | 6180510/- | 1586134/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (UNTIED) (ACR പ്രകാരം) | | - | 39145332/- | 39145332/- | 18481597/- | 20663735/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (TIED)(ACR പ്രകാരം) | | 0 | 18200000/- | 18200000/- | 1182482/- | 17017518/- |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1007475/- | 1861752/- | 2869227/- | 0 | 2869227/- |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| SGSY | | 4274/- | 210/- | 4484/- | 0 | 4484/- |
| TSC | | 25733/- | 6855/- | 32588/- | 0 | 32588/- |
| ശുചിത്വ മിഷൻ | | 5375465/- | 3856273/- | 9231738/- | 1389171/- | 7842567/- |
| ഐ.സി.ഡി.എസ് | | 1896650/- | 1640570/- | 3537220/- | 1800000/- | 1737220/- |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ജലനിധി | | 912588/- | 44956/- | 957544/- | 0 | 957544/- |
| ബഡ്സ് സ്കൂൾ (320200399) | | 1250000/- | 0 | 1250000/- | 0 | 1250000/- |
| ലൈഫ് (സ്റ്റേറ്റ് ഷെയർ) (320800199) | | 1100000/- | 10380000/- | 11480000/- | 11450000/- | 30000/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 249 | 403483653/- | 187 | 172874836/- | - | 62 | 75.1% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1007475/- | 1861752/- | 2869227/- | 0 | 2869227/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 85631000/- | 85631000/- | 85631000/- | 0 |
| ആകെ | 1007475/- | 87492752/- | 88500227/- | 85631000/- | 2869227/- |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 32160/- | 50 |
| കർഷകതൊഴിലാളി പെൻഷൻ | 5673700/- | 367 |
| വിധവാപെൻഷൻ | 26543800/- | 1998 |
| വാർദ്ധക്യകാലപെൻഷൻ | 48492500/- | 4027 |
| വികലാംഗപെൻഷൻ | 7187500/- | 525 |
| അവിവാഹിത പെൻഷൻ | 514500/- | 40 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 50000/- | 1 |

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.02.2022 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 89,754/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. വൗച്ചറുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിക്കുന്നുവെന്നതിന് രേഖയില്ല.
പഞ്ചായത്തിന്റെ പരിധിയിൽ കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയവരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്ന രീതി അനുവർത്തിച്ചിട്ടില്ല. ഈ ഇനത്തിലുള്ള വരുമാനസാദ്ധ്യതകൾകൂടി പരിശോധിക്കേണ്ടതാണ്.
ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്റർ കൂടുതൽ കൃത്യതയുള്ളതാക്കേണ്ടതാണ്.
റോഡ്കണക്ടിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല എന്ന അപര്യാപ്തതയും നിലനിൽക്കുന്നു.
മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ ബന്ധപ്പെട്ടവർ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.അപ്രതീക്ഷിത സാഹചര്യങ്ങളുണ്ടാകുമ്പോഴല്ലാതെ, പദ്ധതി നിർവ്വഹണഘട്ടത്തിൽ എസ്റ്റിമേറ്റുകൾ പുതുക്കേണ്ടുന്ന സാഹചര്യമുണ്ടാകുന്നത് അംഗീകരിക്കാൻ കഴിയുന്നതല്ല. മിക്ക മരാമത്ത് പ്രവൃത്തികളുടേയും എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്തുകാണുന്നു. പല മരാമത്ത് പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലും വീഴ്ചകാണുന്നു. പൂർത്തീകരണം വൈകിയതിന്റെ കാരണങ്ങൾ ഫയലിൽനിന്നും വ്യക്തമല്ല. പൂർത്തീകരണം വൈകിയ മരാമത്ത് പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ചട്ടപ്രകാരമുള്ള ഫൈൻ ഈടാക്കാതെതന്നെ അവസാന ബിൽതുക നൽകിയിരിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ ടെന്റർനടപടികളിൽ വേണ്ടത്ര മത്സരസ്വഭാവം ഉണ്ടായിട്ടില്ല. 50000/-രൂപ മുതൽ അടങ്കൽതുകയുള്ള പദ്ധതികൾക്ക് ഇ-ടെന്ററിലൂടെ കരാറുകാരെ കണ്ടെത്താൻ ശ്രമിക്കുന്നതിലൂടെ ടെന്റർ നടപടികളിൽ കൂടുതൽ മത്സരസ്വഭാവം കൈവരിക്കാൻ സാധിക്കും എന്നതിനാൽ അത്തരം നടപടിക്ക് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. അസി.എഞ്ചിനീയർക്ക് വാഹനസൌകര്യം ഒരുക്കിയതിലൂടെ പരിധിയില്ലാതെ തുകചെലവഴിച്ചത് നിയന്ത്രിക്കുന്നതിൽ ഭരണസമിതിയുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായതായും ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.
എം.എൻ.ആർ.ഇ.ജി.എസ്. പദ്ധതികൾക്കായി അക്രഡിറ്റഡ് എഞ്ചിനീയർ ജനറേറ്റുചെയ്യുന്ന

എസ്റ്റിമേറ്റുകൾക്ക് അക്രഡിറ്റഡ് എഞ്ചിനീയർതന്നെ സാങ്കേതികാനുമതിയും നൽകുന്നതായി കാണുന്നു. ഇതുമൂലം എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോഴുണ്ടാകുന്ന പിഴവുകൾ തിരുത്തപ്പെടാതെപോകുന്ന സാഹചര്യങ്ങളുണ്ടാകുന്നു.

അപാകതകളിലേക്ക് പഞ്ചായത്തുഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.10.2021 | 2020-21 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.03.2018 - 10.04.2018 | 2013-14 - 2017-18 | 26.05.2018 |

## 1-11 നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കുന്നില്ല.

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കുന്നില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 235(എ.എ)(1) പ്രകാരം പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിക്കപ്പെട്ടിട്ടുള്ളതായിരുന്നു എങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക കെട്ടിട നികുതിയായി ഉടമയിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ ഉടമകളിൽ നിന്നും നികുതി ഈടാക്കുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട ഉടമയുടെ പേര് | U/A നമ്പർ | നികുതി നിർണ്ണയിച്ച വർഷം | ഈടാക്കേണ്ട നികുതി (രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്) |
|---|---|---|---|---|
| 1 | ശ്രീ.രാമകൃഷ്ണൻ, വിനീത് ഭവൻ, വലിയേല | II/12 | 2017-18 | 642/- |
| 2 | ശ്രീമതി ഷീജ എസ്., ദാറുൾ ഹുദാ മൻസിൽ, ഇ.എസ്.എം കോളനി | IV/76 | 2016-17 | 876/- |
| 3 | ശ്രീമതി രാധ സി, ശ്രുതിവിലാസം, രണ്ടാംമൈൽ, വില്ലുമല | VI/54 | 2017-18 | 530/- |
| 4 | ശ്രീമതി സുനിതാ ബീവി, ജാസ്മീം മൻസിൽ, മൈലമൂട് | X/09 | 2016-17 | 756/- |
| 5 | ശ്രീ അനിൽകുമാർ. എസ്.കെ., ശ്യാമളാലയം, ചോഴിയക്കോട്, കുളത്തൂപ്പുഴ | XI/46 | 2016-17 | 729/- |
| 6 | ശ്രീമതി സരള ജോയി, ലൗലി വിലാസം, കുവക്കാട് പി.ഒ | I/18 | 2016-17 | 765/- |
| 7 | ശ്രീമതി തങ്കമ്മ, ദിലീഷ് ഭവൻ, കുവക്കാട് പി.ഒ | I/30 | 2016-17 | 633/- |
| 8 | ശ്രീമതി ശിഖാമണി ജോർജ്ജ്, പറക്കുളത്ത് വീട്, കുളത്തൂപ്പുഴ | I/32 | 2016-17 | 876/- |

നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ പൊളിച്ച് കളയുകയോ, ക്രമവൽക്കരിക്കുന്നത് വരെയോ മേൽ പറഞ്ഞ നിരക്കിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ നികുതി ഈടാക്കുന്നതിനോ, നികുതി ഒടുക്കാത്ത സാഹചര്യത്തിൽ ചട്ട പ്രകാരം സ്വീകരിക്കേണ്ട നടപടികളോ ഗ്രാമപ്പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (8/16.02.2022) സെക്രട്ടറി മറുപടി

നൽകിയില്ല. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്. ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സവിശേഷ ശ്രദ്ധക്ഷണിക്കുന്നു.

1-12 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിലുള്ള കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു. 2019-20, 2020-21 സാമ്പത്തിക വർഷം വരെയുള്ള കുടിശ്ശികയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമയുടെ പേര് | ഈടാക്കാനുള്ള നികുതി |
|---|---|---|
| 3/51/A | AREA MANAGER<br>RELIANCE INFRATEL LTD. | 33920/- |
| 4/633 | AREA MANAGER<br>RELIANCE INFRATEL LTD. | 30073/- |
| 17/399 | - | 94500/-<br>(2018-19 വർഷം വരെയുള്ള തുക) |
| 18/665 | Indus Towers<br>5th Floor, Vankonath Tower | 77072/- |
| 19/595 | Indus Tower<br>8 Th Floor | 105840/-<br>(2018-19 വർഷം വരെയുള്ള തുക) |

നികുതി ഒടുക്ക് വരുത്താത്ത സാഹചര്യത്തിൽ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 210-ാം വകുപ്പിലും, 1996-ലെ കേരള പഞ്ചായത്ത് രാജ് (നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും) ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു. തുടർനടപടികൾ സ്വീകരിച്ച് കുടിശ്ശിക തുക ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

1-13 തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലെടുക്കുകയും 1996-ലെ തൊഴിൽനികുതി ചട്ടങ്ങളിൽ പ്രസ്താവിച്ചിട്ടുള്ള പ്രകാരം വേതനം കൈപ്പറ്റുകയും ചെയ്യുന്ന വ്യക്തി നികുതി ഒടുക്കാൻ ബാധ്യസ്ഥനാണ്. 2020-21 വർഷത്തെ അർദ്ധവാർഷിക വരുമാന പത്രിക, തൊഴിൽനികുതി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽനികുതി ഒടുക്കിയിട്ടില്ലെന്ന് വ്യക്തമായി. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | നികുതി ഈടാക്കാനുള്ള അർദ്ധവർഷം |
|---|---|---|
| 1 | ഫോറസ്റ്റ് വൈൽഡ് ലൈഫ്, കുളത്തുപ്പുഴ | II-ാം അർദ്ധവർഷം |
| 2 | റെഞ്ച് ഓഫീസ്, തെന്മല | II-ാം അർദ്ധവർഷം |
| 3 | സെൻട്രൽ നഴ്സറി, കുളത്തുപ്പുഴ | II-ാം അർദ്ധവർഷം |
| 4 | ഗവ.എച്ച്.എസ്.എസ്., കുളത്തുപ്പുഴ | II-ാം അർദ്ധവർഷം |
| 5 | ബെദേനി എൽ.പി.എസ്., ചന്ദനക്കാവ് | II-ാം അർദ്ധവർഷം |
| 6 | മോഡൽ റസിഡെൻഷ്യൽ സ്കൂൾ, ചന്ദനക്കാവ് | II-ാം അർദ്ധവർഷം |

പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർ 2020-21 സാമ്പത്തികവർഷത്തിലെ 2-ാം അർദ്ധവർഷത്തെ തൊഴിൽനികുതി ഒടുക്കിയിട്ടില്ലെന്നും നടപ്പ് സാമ്പത്തിക വർഷം ആയത് ഈടാക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (05/15.02.2022) സെക്രട്ടറി

മറുപടി നൽകിയിട്ടുണ്ട്.

1-14 സേവന ഉപനികുതി ഈടാക്കുന്നതിന്റെ സാധ്യത പരിഗണിക്കുന്നില്ല.

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഏതൊരു കെട്ടിടത്തിന്റെയും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ, സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്ക് പരിപാലനം, ഡ്രയിനേജ് എന്നിവ ഏർപ്പെടുത്തുന്നതിലേക്ക് വസ്തുനികുതിയുടെ 10% കുറയാതെ സേവന ഉപനികുതി ചുമത്താവുന്നതാണെന്ന് 2011 ലെ കേരളപഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ സേവനങ്ങൾക്കായി ഗ്രാമപ്പഞ്ചായത്തിൽ നിന്നും തുക ചെലവഴിക്കുന്നതിനാൽ കെ.പി.ആർ. ആക്ട് 207(1) പ്രകാരം ഒഴിവാക്കിയ കെട്ടിടങ്ങൾ ഒഴികെ എല്ലാ കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കാവുന്നതാണ്. എന്നാൽ സേവന ഉപനികുതി ഈടാക്കുന്നതിന്റെ സാധ്യത ഗ്രാമപ്പഞ്ചായത്ത് പരിശോധിക്കുന്നില്ല. 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലായി ആകെ 5787974/-രൂപ വസ്തുനികുതി ഇനത്തിൽ (ലൈബ്രറി സെസ്സ് ഒഴികെ) ഈടാക്കിയിട്ടുണ്ട്. ഏറ്റവും കുറഞ്ഞ നിരക്കിൽ സേവന ഉപനികുതി ഈടാക്കിയാൽ തന്നെയും 578797/-രൂപ ഈ ഇനത്തിൽ ലഭിക്കേണ്ടതായിരുന്നു. ഗ്രാമപ്പഞ്ചായത്തിന്റെ ചെലവ് വർദ്ധിച്ചു വരികയും വരുമാന വർദ്ധനവിന്റെ സാധ്യത കുറഞ്ഞു വരുകയും ചെയ്യുന്ന സാഹചര്യത്തിലും, ഇതര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സേവന ഉപനികുതി ഈടാക്കുന്നതിനാലും ഈ നിർദ്ദേശം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പരിഗണനക്ക് സമർപ്പിക്കുന്നു.

1-15 സുവർണ്ണജൂബിലി കെട്ടിടത്തിലെ കടമുറികൾ കൈമാറിയില്ല - വരുമാന നഷ്ടം.

ഗ്രാമപഞ്ചായത്തിന്റെ സുവർണ്ണജൂബിലി കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിലെ കടമുറികൾ 2019-20 സാമ്പത്തിക വർഷം ചുവടെ പറയും പ്രകാരം ലേലം ചെയ്ത് നൽകിയിട്ടുണ്ട്.

| ക്രമ നം | കടമുറി നമ്പർ | ലേലം കൊണ്ട സ്ഥാപനം | പ്രതിമാസ വാടക (ജി.എസ്.ടി ഒഴികെ) | ഈടാക്കിയ തുക (ജാമ്യത്തുക നിരതദ്രവ്യം ഉൾപ്പെടെ) | ലേലം സ്ഥിരപ്പെടുത്തിയ തീരുമാനം |
|---|---|---|---|---|---|
| 1 | 1300 A | കുളത്തൂപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് | 8000/- | 24000/- | 22.11.2019-ലെ I(1) |
| 2 | 1300 B | കൊല്ലം ജില്ലാ സഹകരണ ബാങ്ക് | 26500/- | 79500/- | 22.11.2019-ലെ I(2) |
| 3 | 1300 C | കുളത്തൂപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് | 21000/- | 63000/- | 22.11.2019-ലെ I(3) |

22.11.2019-ലെ കമ്മിറ്റി തീരുമാന പ്രകാരം ലേലം സ്ഥിരപ്പെടുത്തി നൽകിയെങ്കിലും ലേലം കൊണ്ട സ്ഥാപനങ്ങളുമായി കരാർ ചമച്ച് കടമുറി കൈമാറിയിട്ടില്ല. ബാങ്കുകളുടെ ശാഖ പ്രവർത്തിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതിനാലും കോവിഡ് വ്യാപനം രൂക്ഷമായതിനാലുമാണ് താമസം നേരിട്ടതെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലേലം സ്ഥിരപ്പെടുത്തി 2 സാമ്പത്തികവർഷം പിന്നിട്ടിട്ടും ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തി കരാർ ചമച്ച് കടമുറി കൈമാറിയിട്ടില്ലാത്തതിനാൽ വാടകയിനത്തിൽ പ്രതിമാസം അരലക്ഷത്തിലധികം രൂപ നഷ്ടമാകുന്നുണ്ട്.കടമുറികൾ താമസംവിനാ ലേലം സ്ഥിരപ്പെടുത്തി നൽകിയവർക്ക് കൈമാറി ഈ ഇനത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സവിശേഷ ശ്രദ്ധക്ഷണിക്കുന്നു.

1-16 ലേലത്തുക ഇനത്തിൽ 6,93,750/-രൂപ ഈടാക്കാൻ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്ത് വക ചുവടെ പട്ടികയിൽ വിവരിക്കുന്ന ഇനങ്ങൾ 2020-21 സാമ്പത്തികവർഷത്തേക്ക് കുത്തക അവകാശം നൽകിയ ഇനത്തിൽ 693750/- രൂപ ഈടാക്കാൻ അവശേഷിക്കുന്നു. വിശദാംശം

ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ലേലം കൊണ്ട വ്യക്തി | ലേല തുക | ഈടാക്കിയ തുക (ജാമ്യത്തുക നിരതദ്രവ്യം ഉൾപ്പെടെ) | ഈടാക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| 1 | കുളത്തൂപ്പുഴ പബ്ലിക്ക് മാർക്കറ്റ് – ഗേറ്റ് ഫീസ് പിരിവ്, ഓപ്പൺ സ്റ്റാളുകളും വിൽപ്പനക്കായി കൊണ്ടുവരുന്ന സാധനങ്ങളും വ്യാപാരത്തിന് കൊട്ടുക്കുകയും ചെയ്യുന്നതിനുള്ള അവകാശം | ശ്രീമതി സജീതാ ബീവി, നിലാവ് മൻസിൽ, കുളത്തൂപ്പുഴ | 458000/- | 114500/- | 343500/- |
| 2 | കുളത്തൂപ്പുഴ പബ്ലിക്ക് മാർക്കറ്റ് – മാട്ടിറച്ചി സ്റ്റാളിൽ വെച്ച് മാംസം വിൽക്കുന്നതിനുള്ള അവകാശം | ശ്രീ. അബ്ദുൾ മജീദ്,കളിയിലിൽ വീട്,കുളത്തൂപ്പുഴ | 445000/- | 111250/- | 333750/- |
| 3 | കുളത്തൂപ്പുഴ പബ്ലിക്ക് മാർക്കറ്റ് – ആട്ടിറച്ചി സ്റ്റാളിൽ വെച്ച് ആട്ടുമാംസം വിൽക്കുന്നതിനുള്ള അവകാശം | ശ്രീ. അബ്ദുൾ മജീദ് കളിയിലിൽ വീട്, കുളത്തൂപ്പുഴ | 14000/- | 3500/- | 10500/- |
| 4 | ചോഴിയക്കോട് മാർക്കറ്റിൽ താൽക്കാലിക സ്റ്റാൾ നിർമ്മിച്ച് മാട്ടിറച്ചി വ്യാപാരം | ശ്രീ. അബ്ദുൾ മജീദ് കളിയിലിൽ വീട്, കുളത്തൂപ്പുഴ | 11500/- | 5500/- | 6000/- |
| | | | ആകെ | | 693750/- |

ലേല നിബന്ധന പ്രകാരം മുൻകൂർ ഒടുക്കേണ്ട തുക കഴിച്ച് ബാക്കി തുക രണ്ട് തുല്യതവണകളായി 2020 ജൂൺ, 2020 സെപ്തംബർ എന്നീ മാസങ്ങളിൽ 30-ാം തീയതിയോ അതിനുമുമ്പോ പഞ്ചായത്തിൽ ഒടുക്ക് വരുത്തേണ്ടതാണ്. എന്നാൽ 2021 മാർച്ച് 31 വരെയും ലേല തുക മേൽ പറഞ്ഞ വ്യക്തികൾ പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടില്ല. കോവിഡ് വ്യാപനം രൂക്ഷമായതിനാൽ വ്യാപാരത്തിൽ ഇടിവ് സംഭവിച്ചതിനെ തുടർന്ന് ലേല തുകയിൽ ഇളവ് ആവശ്യപ്പെട്ട് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളവർ ബഹു.ഹൈക്കോടതിയിൽ കേസ് ഫയൽ Wp© No.5034/2021, 24.2.21 ചെയ്തതിനെ തുടർന്നാണ് കുടിശ്ശിക ഈടാക്കാൻ താമസം നേരിട്ടതെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം-1/11.2.22

1-17 റീട്ടെയിൽ റേഷൻ വ്യാപാരികളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽനികുതി ഡിമാന്റ് ചെയ്യുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിലെ റീട്ടെയിൽ റേഷൻ വ്യാപാരികളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽനികുതി ഡിമാന്റ് ചെയ്യുന്നില്ല. 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ റീട്ടെയിൽ റേഷൻ വ്യാപാരികളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലെന്നും സിവിൽ സപ്ലൈസ് ഡയറക്ടർ (സി.എസ്.) എ.9-764/2019/22.01.2019 നമ്പർ കത്ത് മുഖേന ജില്ലാ സിവിൽ സപ്ലൈസ് ഓഫീസർമാർക്ക് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്ത് 500/- രൂപയാണ് ഏറ്റവും കുറഞ്ഞ ലൈസൻസ് ഫീസായി ഈടാക്കി വരുന്നത്. ലൈസൻസ് ഫീസ് ഈടാക്കാത്തതിനാൽ 20 റേഷൻ കടകളുടെ ഫീസിനത്തിൽ 10000/- രൂപ പ്രതിവർഷം നഷ്ടമാകുന്നുണ്ട്. ഡിമാന്റ് ചെയ്യാത്ത തുകകൾ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 243 പ്രകാരം കാലഹരണപ്പെട്ടുപോകാൻ സാധ്യതയുള്ളതിനാൽ റേഷൻ വ്യാപാരികളിൽ നിന്ന് ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 5/ 15-2-2022.

1-18 വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് കുറഞ്ഞനിരക്കിൽ നികുതി നിർണ്ണയിച്ചു.

വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് ഉപയോഗ ക്രമത്തിന് ആനുപാതികമായി നികുതി ഈടാക്കാത്തതുമൂലം വരുമാന നഷ്ടം ഉണ്ടാകുന്നു. ഗ്രാമപ്പഞ്ചായത്തിലെ 3-ാം വാർഡിലെ 514, 883, 1627, 1628 എന്നീ കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിന് ഉപയോഗിച്ച് വരുന്നവയാണ്. എന്നാൽ ടി കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചിട്ടുള്ളത് ഗാർഹിക ആവശ്യത്തിനുള്ള നികുതി 3/-രൂപ നിരക്കിലാണ് പ്രസ്തുത കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിച്ച്, പുതുക്കിയ നികുതി കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

1-19 മരാമത്ത് പ്രവൃത്തികൾ - അളവുകൾ രേഖപ്പെടുത്തിയതിലെ അപാകതമൂലം അധിക ചെലവുണ്ടായി.

1. പ്രോജക്ട് നമ്പർ: എസ്.ഒ 209 : കല്ലുവെട്ടാംകുഴി മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്റർ നിർമ്മാണം, 2. പ്രോജക്ട് നമ്പർ: എസ്.ഒ 214 കല്ലുവെട്ടാംകുഴി എ ബി സി പ്രോഗ്രാമിനുള്ള ഓപ്പറേഷൻ തിയേറ്റർ നിർമ്മാണം എന്നീ മരാമത്ത് പ്രവൃത്തികളുടെ അളവുകൾ M-book ൽ രേഖപ്പെടുത്തിയിരിക്കുന്നതിലെ അപാകതകൾ മൂലം 46612/-രൂപയുടെ അധിക ചെലവ് ഉണ്ടായതായി ഓഡിറ്റിൽ കണ്ടെത്തി. ഇതിൽ 19919/-രൂപായുടെ അധിക ചെലവ് ഓഡിറ്റ് എൻക്വയറിൽ ചൂണ്ടിക്കാണിച്ചതിന്റ അടിസ്ഥാനത്തിൽ 17.02.2022 ലെ 121010105527-ാം നമ്പർ രസീത് പ്രകാരം തിരികെ ഒടുക്കിയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ശേഷിക്കുന്ന 26693/-രൂപ ഉത്തരവാദിയായ അസി.എഞ്ചിനീയറിൽനിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തി വിവരം ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതാണ്. വിശദ വിവരങ്ങൾക്ക് ഖണ്ഡിക 3-1 കാണുക.

ഓഡിറ്റ് എൻക്വയറി നം.13/20-21/17.02.2022,14/20-21/17.02.2022

1-20 പാലിയേറ്റീവ് പരിചരണം - ന്യൂട്രീഷൻകിറ്റ് വിതരണ രേഖകൾ ഹാജരാക്കിയില്ല.

2020-21 സാമ്പത്തിക വർഷം വികസനഫണ്ടിൽ നിന്നും 15,00,000/- രൂപ വകയിരുത്തി മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പാലിയേറ്റീവ് പരിചരണം എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി 1475079/-രൂപ ചെലവഴിച്ചിട്ടുണ്ട്. ടി തുകയിൽ 49982 /-രൂപ സപ്ലൈകോ

സൂപ്പർമാർക്കറ്റിൽ നിന്നും ന്യൂട്രീഷൻ കിറ്റ് വാങ്ങി നൽകുന്നതിനാണ് ചെലവഴിച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | പ്രോജക്ട് നമ്പർ | ചെലവഴിച്ച തുക | ബിൽ നം |
|---|---|---|---|
| 2020-21 | 148/20-21 | 49982/- | 15/27.03.21 |

ന്യൂട്രീഷൻ കിറ്റ് വാങ്ങിയ ഇനത്തിൽ 49982/-രൂപ സപ്ലൈകോ സൂപ്പർമാർക്കറ്റ്, കുളത്തുപ്പുഴയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും സാധനങ്ങളുടെ വിതരണവിവരം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വാങ്ങിയ സാധനങ്ങളുടെ വിതരണവിവരം പരിശോധനക്ക് ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച 49982/-രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.16/17.2.22

## 1-21 പാലിയേറ്റീവ് കെയർ - കോവിഡ്-19 ഇൻസെന്റീവ് തുക വികസനഫണ്ടിൽ നിന്നും ചെലവഴിച്ചു.

കോവിഡ്-19 കാലഘട്ടത്തിൽ സേവനമനുഷ്ഠിച്ച പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് പ്രതിമാസം 1000/-രൂപ വീതം ഇൻസെന്റീവ് അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനാവശ്യമായ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനാണ് അനുമതി നൽകിയത്. എന്നാൽ 2020 സെപ്റ്റംബർ മുതൽ ഡിസംബർ വരെയുള്ള 4 മാസത്തെ ഇൻസെന്റീവ് തുകയായ 4000/-രൂപ വികസനഫണ്ടിൽ നിന്നാണ് പാലിയേറ്റീവ് നഴ്സിന് നൽകിയിട്ടുള്ളത്. സർക്കാർ ഉത്തരവിന് വിരുദ്ധമായി വികസനഫണ്ടിൽ നിന്നും അധികം ചെലവഴിച്ച 4000/-രൂപ പഞ്ചായത്ത്ഫണ്ടിൽ നിന്നും ഈടാക്കി തിരികെ ഒടുക്കേണ്ടതാണ്.

(സ.ഉ(സാധാ))നം 1820/2020/lsgd Dated 05.10.2020

ഓഡിറ്റ് എൻക്വയറി നം.15/17.2.21

## 1-22 കരാർ കാലാവധിയ്ക്ക് ശേഷം നിർമ്മാണം പൂർത്തീകരിച്ചു - അന്തിമ ബില്ലിൽ നിന്നും Compensation For Delay Charges ഈടാക്കിയിട്ടില്ല.

കരാറുകാർ പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കാത്ത കേസുകളിൽ Kerala Public Works Department Manual 2012 (G.O.(P)No.13/2012/PWD തീ. 01.02.2012), സെക്ഷൻ 2116.1 പ്രകാരം Compensation For Delay/Liquidated Charges ( P.A.C തുകയുടെ 0.1% തുക, വൈകിയ ഓരോ ആഴ്ചയ്ക്കും എന്ന കണക്കിൽ) ഇനത്തിൽ തുക, അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രമെ കരാറുകാരന് തുക നൽകുവാൻ അനുവാദമുള്ളൂ. ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ, പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി കൃത്യമായ കാരണങ്ങൾ രേഖപ്പെടുത്തി, പഞ്ചായത്തുകമ്മിറ്റി തീരുമാനത്തിന്റെയടിസ്ഥാനത്തിൽ ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതായി കാണുന്നില്ല. അവസാന ബിൽ തുക നൽകിയപ്പോൾ ചട്ടപ്രകാരമുള്ള ഫൈൻ ഈടാക്കിയിട്ടുമില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നം.SO 177 : നെടുവണ്ണൂർക്കടവ് പതിനഞ്ച് ഏക്കർ സോഫിപ്പടിക്കൽ റോഡ് കോൺക്രീറ്റ്.

അടങ്കൽ തുക- 148000/- രൂപ -(വികസനഫണ്ട് ജനറൽ)

ചെലവ് തുക – 100415/- രൂപ(ബിൽനം.6/4.5.2020:74150/-,ബിൽനം.49/22.5.20:26235/-)

കരാറുകാരൻ - ശ്രീ.എം.ഹാഷിം

എഗ്രിമെന്റ്നം. -8/AE/LSGD/KPZA/16-17/16.01.2017.

ടി.എസ്.നം. -20421/16-17

എം.ബുക്ക് നം. -5/19-20.

എഗ്രീഡ് പി.എ.സി. -147116.83/-രൂപ.

പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം - 4 മാസം.
പ്രവൃത്തി ആരംഭിച്ച തീയതി : 16.01.2017.
പ്രവൃത്തി പൂർത്തീകരിച്ച തീയതി : 23.03.2020.
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി 15.05.2017.
വൈകിയ കാലയളവ് : 1043 ദിവസം.
കണക്കാക്കാവുന്ന ഫൈൻ : 21920.4/-രൂപ (147116.83/-രൂപ X 0.1% X1043/7).
കരാർ തുകയുടെ 10%ത്തിൽ പരിമിതപ്പെടുത്തിയ തുക: 14712/-രൂപ
ഈടാക്കിയ ഫൈൻ – 1005/-രൂപ
ഈടാക്കിയതിൽ കുറവുവന്ന തുക – 13707/രൂപ.

2. പ്രോജക്ട് നം. – SO.179 വടക്കേ ചെറുകര ആലുംകടവ് റോഡ് സംരക്ഷണം
അടങ്കൽ തുക- 500000/-രൂപ -(മെയിന്റനൻസ് ഫണ്ട് റോഡ് ).
ചെലവ്തുക-276925/-രൂപ (ബിൽനം.53/25.05.2020: 65448/-രൂപ, ബിൽനം.09/28.04.2020: 211477/-രൂപ).
കരാറുകാരൻ - ശ്രീ.ജാഫർഖാൻ
എഗ്രിമെന്റ്നം. – 43/AE/LSGD/KPZA/18-19/09.11.2018.
ടി.എസ്.നം. – 89254/18-19
എം.ബുക്ക് നം. – 85/18-19
എഗ്രീഡ് പി.എ.സി. – 422069.49/-രൂപ.
പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം – 3 മാസം.
പ്രവൃത്തി ആരംഭിച്ച തീയതി : 09.11.2020.
പ്രവൃത്തി പൂർത്തീകരിച്ച തീയതി : 04.03.2020
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി – 08.02.2019.
വൈകിയ കാലയളവ് : 390 ദിവസം.ഈടാക്കേണ്ടിയിരുന്ന ഫൈൻ: 23515/-രൂപ (422069.49/-രൂപ X 0.1% X 390/7)
ഈടാക്കിയ ഫൈൻ - 2770/-രൂപ.
ഈടാക്കിയതിൽ കുറവുവന്ന തുക – 20745/രൂപ.

3. പ്രോജക്ട് നം. – SO 233 ചോഴിയക്കോട് മിൽപാലം റോഡ് റീടാറിംഗ്
അടങ്കൽ തുക - 893200/-രൂപ (മെയിന്റനൻസ് ഫണ്ട് റോഡ്)
ചെലവ് തുക - 788458/- രൂപ (ബിൽനം.130/24.03.2021)
കരാറുകാരൻ - ശ്രീ.ജാഫർഖാൻ
എഗ്രിമെന്റ്നം. – 34/AE/LSGD/KPZA/19-20/11.11.2019.
ടി.എസ്.നം. – 14352/19-20
എം.ബുക്ക് നം. – 142/20-21.
എഗ്രീഡ് പി.എ.സി. – 881198.18/-രൂപ.
പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം - 3 മാസം.
പ്രവൃത്തി ആരംഭിച്ച തീയതി : 11.11.2019.
പ്രവൃത്തി പൂർത്തീകരിച്ച തീയതി : 19.03.2021.
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി - 10.02.2020.
വൈകിയ കാലയളവ് : 403 ദിവസം.
ഈടാക്കേണ്ടിയിരുന്ന ഫൈൻ : 50732/-രൂപ (881198.18/-രൂപ X0.1% X403/7).
ഈടാക്കിയ ഫൈൻ – 0

അപാകതകൾക്കുമേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/17.02.2022) മറുപടിയായി, പരാമർശങ്ങൾ ബന്ധപ്പെട്ട അസി.എഞ്ചിനീയറെ രേഖാമൂലം അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും നിലവിലെ അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കി. മേൽ 3 പ്രവൃത്തികളിലുമായി ആകെ ഈടാക്കേണ്ടിയിരുന്ന തുക 85184/-രൂപ ഉത്തരവാദിയായ അസി.എഞ്ചിനീയറിൽനിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-23 എൽ എസ് ജി ഡി അസിസ്റ്റന്റ് എൻജിനീയർക്ക് വാഹനസൗകര്യം - പദ്ധതി മാനദണ്ഡങ്ങൾ പാലിക്കാതെ തുക ചെലവ് വരുത്തി - ചെലവഴിച്ച 79,782/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

പ്രോജക്റ്റ് നമ്പർ - എസ് 140 /21
അടങ്കൽ തുക : 400000/- (തനത് ഫണ്ട്)
നിർവ്വഹണ അധികാരി: പഞ്ചായത്ത് സെക്രട്ടറി
ആകെ ചെലവ്- 479782/-

പദ്ധതിഫയൽ പരിശോധിച്ചതിൽ, പദ്ധതി നടത്തിപ്പിൽ ചുവടെചേർക്കുന്ന അപാകതകൾ ഓഡിറ്റ് നിരീക്ഷിക്കുന്നു.

പഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ആവശ്യത്തിനായി ഒരു മാസം ശരാശരി വിനിയോഗം 1500 കിലോമീറ്റർ എന്ന് കണക്കാക്കി, ആയതിനുള്ള അടിസ്ഥാന നിരക്കും തുടർന്ന് വരുന്ന ഓരോ കിലോമീറ്ററിനും ബാധകമാവുന്ന നിരക്കും രേഖപ്പെടുത്താനാവശ്യപ്പെട്ടായിരുന്നു ക്വട്ടേഷൻ ക്ഷണിച്ചത്. (ക്വട്ടേഷൻ നോട്ടീസ് നമ്പർ: ഇല്ല/തീയതി 29.02.2020. 1500 കിലോമീറ്ററിന് 25000/- രൂപയും തുടർന്ന് വരുന്ന ഓരോ കിലോമീറ്ററിനും 17/- രൂപയും എന്ന നിരക്ക് രേഖപ്പെടുത്തിയ ശ്രീ.ശിവകുമാർ,ആർ പി എൽ,2 എഫ് കോളനി,കുവക്കാട് എന്ന ആളുടെ ക്വട്ടേഷൻ 12.03.2020 ലെ 10(1) തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു.

എന്നാൽ ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ 2020-21 വർഷത്തിൽ വാഹന വാടക ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം ചെലവുകൾ നടത്തിയിട്ടുള്ളതായി കാണുന്നു.

| ക്രമ നമ്പർ | വൗച്ചർ നം / തീയതി | ഓടിയ ദൂരം | കാലയളവ് | അനുവദിച്ച്നൽകിയ തുക |
|---|---|---|---|---|
| 1. | 220000013/3.4.20 | 2113 | 1.2.20-29.2.20 | 35921/-* |
| 2. | 22000126/26.5.20 | 2227 | 13.3.20-12.4.20 | 37359/- |
| 3. | 22000157/4.6.20 | 1113 | 1.3.20-12.3.20 | 18921/- |
| 4. | 22000224/24.6.20 | 3289 | 13.4.20-12.5.20 | 55413/- |
| 5. | 22000275/9.7.20 | 3086 | 13.5.20-12.6.20 | 51962/- |
| 6. | 22000375/10.8.20 | 1800 | 13.6.20-12.7.20 | 30100/- |
| 7. | 22000533/22.9.20 | 1985 | 13.7.20-12.8.20 | 33245/- |
| 8. | 22000594/6.10.20 | 1869 | 13.8.20-12.9.20 | 31273/- |
| 9. | 22000729/10.11.20 | 2027 | 13.9.20-12.10.20 | 33959/- |
| 10. | 22000826/7.12.20 | 1899 | 13.10.20-12.11.20 | 31783/- |
| 11. | 22000913/7.1.21 | 2884 | 13.11.20-12.12.20 | 48528/- |
| 12. | 22001111/29.1.21 | 1991 | 13.12.20-12.1.21 | 33347/- |
| 13. | 22001290/2.3.21 | 2263 | 13.1.21-12.2.21 | 37971/- |
| | | | ആകെ | 479782/- |

*2113 കിലോ മീറ്ററിനും 17/- രൂപ നിരക്കിൽ തുക നൽകി.

മേൽ പരാമർശ ചെലവുകളിൽ നിന്നും 25000/-രൂപ എന്ന പരിധിയിൽ ചെലവ് നിജപ്പെടുത്താൻ ഒരു മാസത്തിൽപ്പോലും ശ്രമം ഉണ്ടായിട്ടില്ല എന്ന് വ്യക്തമാകുന്നു. 5/20, 6/20, 7/20 എന്നീ മാസങ്ങളിൽ മിക്കദിവസങ്ങളിലും വാഹനം പഞ്ചായത്ത് അതിർത്തിക്ക് പുറത്തുള്ള 'പൊടിയാട്ടുവിള' എന്ന സ്ഥലത്ത്

രണ്ടു തവണ പോയി വന്നതായി വൗച്ചറിനൊപ്പം ഹാജരാക്കിയ ലോഗ് ബുക്ക് പകർപ്പിൽ അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്തുന്നു. അസിസ്റ്റന്റ് എൻജിനീയറെ താമസസ്ഥലത്ത് പോയി കൊണ്ടുവന്നതിനും തിരികെ എത്തിച്ചതിനു മാണ് വാഹനം ഇത്തരത്തിൽ ഓടിയത് എന്ന് അസിസ്റ്റന്റ് എൻജിനീയർ തന്നെ വിശദീകരിച്ചിട്ടുണ്ട്. ലോഗ് ബുക്കിൽ സാക്ഷ്യപ്പെടുത്തി യിരിക്കുന്ന പൊടിയാട്ടുവിള എന്ന സ്ഥലത്തേക്ക് കുളത്തുപ്പുഴ നിന്നുള്ള ദൂരം 27 കിലോമീറ്റർ മാത്രമാണെന്ന് കാണുന്നു. (അവലംബം ഗൂഗിൾ മാപ്പ് ) അതായത് ഒരു ദിവസം രണ്ട് ട്രിപ്പുകൾക്കായി 108 കിലോമീറ്റർ. എന്നാൽ 144 കിലോമീറ്റർ എന്ന് രേഖപ്പെടുത്തിയാണ് ലോഗ് ബുക്കിൽ സാക്ഷ്യപ്പെടുത്തൽ നടത്തിയിരിക്കുന്നത് ഇത്തരത്തിൽ ഇരു ട്രിപ്പുകളിലുമായി അധികമായി രേഖപ്പെടുത്തിയ 36 കിലോമീറ്ററിന് 17 രൂപ നിരക്കിൽ ഓരോ ദിവസവും അനധികൃതമായി 612/-രൂപാവീതം ചെലവഴിച്ചതായി ഓഡിറ്റ് കണക്കാക്കുന്നു.

അപാകതകൾക്കുമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/18.02.22 ന് മറുപടിയായി കോവിഡ് 19 പശ്ചാത്തലത്തിലെ വാഹന ഉപയോഗത്തിന്റെ ബില്ല് മാറി നൽകുന്നതിനും തുടർന്നു വരുന്ന മാസങ്ങളിൽ വാഹനം നിയന്ത്രിതമായി മാത്രം ഓടിയാൽ മതി എന്നുള്ള നിർദേശം എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എൻജിനീയർക്ക് നൽകുന്നതിനും 15.6.20 ലെ 8/2 പ്രകാരം തീരുമാനം കൈക്കൊണ്ടിരുന്നു എന്നും പഞ്ചായത്ത് സെക്രട്ടറി വിശദീകരിക്കുന്നു. കൂടാതെ 'പൊടിയാട്ടുവിള' പോയി വന്ന ഇനത്തിൽ അധികം ചെലവഴിക്കേണ്ടി വന്ന തുക എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എൻജിനീയറുടെ റിക്വിസിഷൻ പ്രകാരമാണ് ചെലവഴിച്ചിട്ടുള്ളത് എന്നതിനാൽ,തുക കണക്കാക്കി അസിസ്റ്റന്റ് എൻജിനീയറിൽ നിന്നും തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് സംബന്ധമായ ഉപയോഗത്തിനാണ് വാഹന സൗകര്യം ഒരുക്കാൻ അനുമതിയുള്ളത്. വാഹനത്തിന്റെ അധിക വിനിയോഗം ശ്രദ്ധയിൽപെട്ട പഞ്ചായത്ത് കമ്മിറ്റി തുടർന്നുള്ള മാസങ്ങളിൽ നിയന്ത്രിതമായി മാത്രം വാഹനം ഓടിയാൽ മതി എന്ന നിർദ്ദേശം നൽകിയിട്ടും നിയന്ത്രണങ്ങൾ തുടർന്നും പാലിക്കപ്പെട്ടിട്ടില്ല. പദ്ധതി അടങ്കൽ തുകയ്ക്ക് ഉപരിയായി തുക ചെലവഴിച്ച എന്നതിൽ നിന്നും പദ്ധതിനിർവഹണാധികാരിയായ പഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തുനിന്നും, ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി അംഗങ്ങളുടെ ഭാഗത്തുനിന്നും ഗുരുതരമായ മേൽനോട്ട കുറവുണ്ടായതായി ഓഡിറ്റ് നിരീക്ഷിക്കുന്നു. പഞ്ചായത്തിന്റെ കീഴിൽ ജോലിചെയ്യുന്ന ഒരു ഉദ്യോഗസ്ഥയ്ക്ക് വേണ്ടി പരിധിയില്ലാതെ തുക ചെലവഴിക്കുന്നത് ന്യായികരിക്കാൻ കഴിയുന്നതല്ല. അംഗീകൃത പദ്ധതി അടങ്കൽ തുകയായ 400000/-രൂപ ഉപരിയായി ചെലവഴിച്ച 79782/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ലോഗ് ബുക്ക് പരിശോധിച്ച് മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിനുള്ള യാത്രയ്ക്ക് അല്ലാതെ ചെലവഴിച്ചിട്ടുള്ള തുക ആ കാലയളവിലെ അസിസ്റ്റന്റ് എൻജിനീയറിൽ നിന്ന് ഈടാക്കി ഒടുക്കു വരുത്തി രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

മേൽ വിഷയങ്ങളിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. പഞ്ചായത്ത് ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കപ്പെടുന്നുണ്ടോയെന്ന് തുടർന്ന് നിരീക്ഷണം പഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്തുനിന്ന് തന്നെ ഉണ്ടാകേണ്ടതുണ്ട്.

### 1-24 പാലിന് സബ്സിഡി - തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം അനുവദനീയമായതിലും അധിക നിരക്കിൽ നല്കി.

പ്രോജക്ട് നം – 51/2020-21 – പാലിന് സബ്സിഡി

അടങ്കൽ തുക : 200000/-(വികസന ഫണ്ട്-ജനറൽ)

ആകെ ചെലവ് – 200000/- രൂപ

നിർവഹണ ഉദ്യോഗസ്ഥ- ഡയറി ഫാം ഇൻസ്ട്രക്ടർ.

ക്ഷീര സംഘത്തിൽ നൽകുന്ന പാലിന് ക്ഷീര വികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ ലിറ്ററൊന്നിന് നാല് രൂപ തോതിൽ ഒരു വർഷം പരമാവധി 40,000/- രൂപ ഒരു കർഷകന് സബ്സിഡിയായി നൽകാമെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവത്സരപദ്ധതി

കാലയളവിലെ സബ്സിഡി മാനദണ്ഡങ്ങൾ സംബന്ധമായ 14. 12. 18 ലെ സ.ഉ (കൈ) നം 22/18/തസ്വഭവ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ കുളത്തൂപ്പുഴ പഞ്ചായത്തിൽ ക്ഷീര സഹകരണ സംഘങ്ങൾവഴി ലിറ്ററൊന്നിന് 4/- രൂപ,3.618 രൂപ എന്നീ നിരക്കുകളിൽ സബ്സിഡി നൽകി.

ക്ഷീര വികസന വകുപ്പിൽ നിന്നുള്ള സബ്സിഡി വിഹിതം( ഒരു രൂപ )ഉൾപ്പെടാത്ത പക്ഷം കർഷകന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകാവുന്ന സബ്സിഡി ലിറ്ററിന് 3/- രൂപ തോതിലായതിനാലും സംസ്ഥാനവിഹിതം ലഭ്യമല്ലെങ്കിൽ അതും തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകണമെന്ന് സബ്സിഡി മാർഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാലും പഞ്ചായത്ത് ഫണ്ടിൽ നിന്നും ലിറ്ററിന് 3/- രൂപയിൽ കവിഞ്ഞ് സബ്സിഡി നൽകിയത് സബ്സിഡി മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം | ബിൽ വിശദാംശം | മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായ ചെലവ് വിശദാംശം | അധിക തുക (₹) |
|---|---|---|---|
| 1 | 1/25.02.2021- 113072/- രൂപ | കുമരംകരിക്കം ക്ഷീരസഹകരണ സംഘത്തിലെ 40 ക്ഷീരകർഷകർക്ക് 09/2020മുതൽ 01/2021 വരെ മാസങ്ങളിൽ 28268ലിറ്റർ പാൽ അളന്നതിന് 113072/- രൂപ അനുവദിച്ചു | 28268/- |
| 2 | 2/25/2.2021- 33600/-രൂപ | കുളത്തൂപ്പുഴ ക്ഷീരസഹകരണ സംഘത്തിലെ 10 ക്ഷീരകർഷകർക്ക് 09/2020മുതൽ 1/2021 വരെ മാസങ്ങളിൽ 8400ലിറ്റർ പാൽ അളന്നതിന് 33600/- രൂപ അനുവദിച്ചു | 8400/- |
| 3 | 3/25.02.2021 26812/- രൂപ | ഭാരതീപുരം ക്ഷീരസഹകരണ സംഘത്തിലെ16 ക്ഷീരകർഷകർക്ക് 09/2020മുതൽ 01/2021 വരെ മാസങ്ങളിൽ 6703ലിറ്റർ പാൽ അളന്നതിന് 26812/- രൂപ അനുവദിച്ചു | 6703/- |
| 4 | 06/18-03-2021 5969/-രൂപ | ഭാരതീപുരം ക്ഷീരസഹകരണ സംഘത്തിലെ 10 ക്ഷീരകർഷകർക്ക് 02/2021 മാസത്തിൽ 1651ലിറ്റർ പാൽ അളന്നതിന് 5969/-(rounded Figure) രൂപ അനുവദിച്ചു (3.618/-രൂപ നിരക്കിൽ) | 1006/- |
| 5 | 7/18-03-2021 5844/- രൂപ | കുളത്തൂപ്പുഴ ക്ഷീരസഹകരണ സംഘത്തിലെ 6ക്ഷീരകർഷകർക്ക് 02/2021 മാസത്തിൽ 1616 ലിറ്റർ പാൽ അളന്നതിന് 5844/-(rounded Figure) രൂപ അനുവദിച്ചു.(3.618/-രൂപ നിരക്കിൽ) | 996/- |
| 6 | 8/18-03-2021 14703/- രൂപ | കുമരംകരിക്കം ക്ഷീരസഹകരണ സംഘത്തിലെ27ക്ഷീരകർഷകർക്ക് 02/2021 മാസത്തിൽ 4068 ലിറ്റർ പാൽ അളന്നതിന് 14703/-(rounded Figure) രൂപ അനുവദിച്ചു.(3.618/-രൂപ നിരക്കിൽ) | 2499/- |
| | | ആകെ | 47872/- |

പഞ്ചായത്ത് ഫണ്ടിൽ നിന്നും ലിറ്ററിന് 3/- രൂപയ്ക്ക് ഉപരിയായ നിരക്കിൽ സബ്സിഡി നൽകിയതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/15-02-2022) ലഭ്യമാക്കിയ മറുപടിയിൽ ഒരു ലിറ്റർ പാലിന് 3/-രൂപ മാത്രമേ നൽകാവൂ എന്ന നിർദ്ദേശം ലഭിക്കാതിരുന്നതുകൊണ്ടാണ് ഇത്തരത്തിൽ ചെലവ് ചെയ്തത് എന്നും, 2021-22 സാമ്പത്തിക വർഷം മുതൽ 3/-രൂപ നിരക്കിൽ മാത്രമേ സബ്സിഡി നൽകുന്നുള്ളുവെന്നും വിശദീകരിക്കുന്നു. വകുപ്പ് തല വിഹിതം കൂടി ഉൾപ്പെടുത്തുന്ന പദ്ധതികളിൽ, വകുപ്പ് തല വിഹിതം ഉപയോഗിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. 3/- രൂപയ്ക്കുപരി തദ്ദേശ ഭരണ സ്ഥാപനത്തിൽ നിന്ന് സബ്സിഡിയിനത്തിൽ ചെലവഴിച്ച 47872/-രൂപ വകുപ്പ് തല ഫണ്ട് ലഭ്യമാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കു വരുത്തി ക്രമീകരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.

1-25 എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കൽ - ഇൻവോയ്സ് പ്രകാരമുള്ളതിനേക്കാൾ 2,748/- രൂപ കൂടുതൽ നൽകി.

പ്രോജക്ട് നമ്പർ - 171/21
അടങ്കൽ തുക – 290250/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്)
ചെലവായ തുക - 2,05,749/- ( ബിൽ നമ്പർ - 5/20-21/10-6-20)
53,499/- ( ബിൽ നമ്പർ - 23/20-21/30-11-20)
ആകെ - 2,59,248/-

"അമ്മിണി എനർജി സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് " ൽ നിന്നും 20 W ന്റെ 225 LED ലൈറ്റുകൾ 1140/-രൂപ നിരക്കിൽ വാങ്ങിയതിന് 259248/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ 23.1.20-ലെ INV - AA 0472 പ്രകാരം 2,56,500/-രൂപയാണ് ലൈറ്റുകളുടെ വിലയായി ആവശ്യപ്പെട്ടത് (229017.83 + 13741.07 (6% CGST) + 13741.07 (6% SGST). അധികമായി നൽകിയ 2748/-രൂപ തിരികെ ഈടാക്കേണ്ടതാണ്. കൂടാതെ GST ഇനത്തിൽ അടക്കേണ്ട തുകകൾ സ്ഥാപനം ഒടുക്കിയതിന്റെ രേഖകളും ഹാജരാക്കേണ്ടതാണ്.

1-26 വിനിയോഗ സാക്ഷ്യപത്രം/പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | നിർവഹണ ഏജൻസി | നൽകിയ തുക | ബിൽ നമ്പർ / തീയതി | റിമാർക്സ് |
|---|---|---|---|---|
| 153/21 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | കേരള വാട്ടർ അതോറിറ്റി | 10,00,000/- | 1/20-21 /27-5-20 | വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |

വിനിയോഗരേഖകളുടെ അഭാവത്തിൽ മേൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. പ്രവർത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ, വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

മേൽ വിവരം സൂചിപ്പിച്ച് കൊണ്ട് നല്കിയ എൻക്വയറിക്ക് വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കാമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തടസ്സപ്പെടുത്തുന്ന തുക → 10,00,000/-രൂപ

ഓഡിറ്റ് എൻക്വയറി നം → 9/16-2-22

1-27 ബെയിലിംഗ് മെഷീൻ - പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ 5,47,470/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിൽ ബെയിലിംഗ് മെഷീൻ സ്ഥാപിച്ച ഇനത്തിൽ "കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് നൽകിയ ടാക്സ് ഇൻവോയ്സ് നമ്പർ TVMBC 246/4-2-21 പ്രകാരമുള്ള 547470/-രൂപയിൽ, ഇൻകം ടാക്സ് ഇനത്തിൽ 5475/- രൂപയും GST TDS ഇനത്തിൽ 10950/-രൂപയും കിഴിവ് വരുത്തിയ ശേഷം 531045/- രൂപ 20/3/21 ൽ സ്ഥാപനത്തിന് നൽകി. ( ബിൽ നമ്പർ 34/20-21 /20-3-21). സ്ഥാപനത്തിന് ഇൻവോയ്സ് പ്രകാരമുള്ള തുക നൽകിയെങ്കിലും ഇലക്ട്രിക് കണക്ഷൻ ലഭിക്കുകയോ, മെഷീൻ പ്രവർത്തന സജ്ജമാണോ എന്നതിന്റെ ടെസ്റ്റിംഗ് നടത്തുകയോ ചെയ്തിരുന്നില്ല. നിലവിലും ഈ മെഷീൻ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഇതിൽ മേൽ വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് 18-2-22 ൽ നൽകിയ 18 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ - " എം സി എഫ് വൈദ്യുതീകരിക്കുന്നതിന് 2021-22 ൽ പ്രോജക്ട് രൂപീകരിച്ച്, ടെണ്ടർ നടപടികൾ പൂർത്തിയാക്കി, വർക്ക് ഓർഡർ നൽകിയിട്ടുണ്ടെന്നും, വൈദ്യുതീകരണം മാർച്ച് മാസം തന്നെ പൂർത്തീകരിച്ച് മെഷീൻ പ്രവർത്തന സജ്ജമാക്കി ഓഡിറ്റിനെ ബോധിപ്പിക്കുന്നതാണെന്നുമാണ്

അറിയിച്ചിട്ടുള്ളത്. മെഷീൻ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ 547470/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മെഷീൻ പ്രവർത്തനസജ്ജമാക്കിയ രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-28 ലേണേഴ്സ് ലൈസൻസ് ഇല്ലാത്തവർക്ക് മുച്ചക്രവാഹനം വാങ്ങി നൽകി. 92,001/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ - 23 /2021 (ഭിന്ന ശേഷിയുള്ളവർക്ക് മുച്ചക്രവാഹനം)

ഫണ്ട് വകയിരുത്തൽ - 460005/-( വികസന ഫണ്ട് പൊതുവിഭാഗം )

ചെലവ് – 368004/- ( ബിൽ നമ്പർ 39 /2021 തീയതി 26/03/2021)

നിർവ്വഹണാധികാരി - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം പദ്ധതിക്കായി നാലു മുച്ചക്രവാഹനം കെൽട്രോണിൽ (Invoice No-PR/164/2021 തീയതി 03/02/2021) നിന്നും വാങ്ങി 368004/- രൂപയ്ക്ക് (92001*4) വിതരണം ചെയ്തിട്ടുണ്ട് ആയതിൽ ശ്രീ. കെ രാജൻ എന്ന ഗുണഭോക്താവ് ലേണേഴ്സ് ലൈസൻസ് ഹാജരാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7. 1 .2 എ(6) പ്രകാരം ലേണേഴ്സ് ലൈസൻസ് ഉള്ളവർക്ക് മാത്രമാണ് മുച്ചക്രവാഹനം അനുവദിക്കാവുന്നത്. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06/16-02-2022) ഐ.സി.ഡി.എസ്. ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ ലേണേഴ്സ് ലൈസൻസ് ഹാജരാക്കാം എന്ന് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 92001/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ലേണേഴ്സ് ലൈസൻസ് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-29 35,000/- രൂപ മുൻകൂർ കൈപ്പറ്റിയിട്ടും ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്ട് നമ്പർ – 168/2021 (ലക്ഷം വീട് പുനരുദ്ധാരണം )

വകയിരുത്തൽ – 1500000/-( വികസന ഫണ്ട് -എസ്.സി.പി)

ചെലവ് - 635000/-

നിർവഹണ ഉദ്യോഗസ്ഥൻ- വി.ഇ.ഒ (കുളത്തുപ്പുഴ സർക്കിൾ)

ലക്ഷം വീട് പുനരുദ്ധാരണം പദ്ധതിക്കായി ഒരു ഗുണഭോക്താവിന് 50,000/- രൂപയാണ് വകയിരുത്തിയത്. പ്രസ്തുത പ്രവർത്തിയുടെ ഗുണഭോക്താവായ ശ്രീമതി. തങ്ക, ലക്ഷംവീട് ഏഴാംകുളം, ബിൽ നമ്പർ 02 തീയതി 11.4.2020 പ്രകാരം 35,000/-രൂപ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയതിന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ Go(ms)22/18/LSGD,14.2.18 ഖണ്ഡിക 6.7.1 പ്രകാരം കരാറിലേർപ്പെട്ട 50 ശതമാനം തുക മുൻകൂർ നൽകാം എന്നിരിക്കെ 25000/-രൂപ (50000* 50%) മുൻകൂർ നൽകുന്നതിന് പകരം 35000/-രൂപ മുൻകൂർ നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/16-02-2022) ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 24-11-2021ലെ 1(12) നമ്പർ തീരുമാനപ്രകാരം ഗുണഭോക്താവ് മരണമടഞ്ഞതിനാൽ ടിയാരിയുടെ അക്കൗണ്ടിൽ (CENTRAL BANK A/C NO-32501042261) നിക്ഷേപിക്കപ്പെട്ട ആനുകൂല്യ തുക തിരികെ ഈടാക്കാൻ ബാങ്കിന് കത്ത് നൽകിയിട്ടുള്ളതായി അറിയിച്ചു. ആയതിനാൽ ടിയിനത്തിലെ ചെലവ് തുക 35000/-രൂപ തടസ്സപ്പെടുത്തുന്നു. തുക തിരികെ ലഭ്യമാക്കി സഞ്ചിത നിധിയിൽ (3604-00-200-86-04-35 Rop) ഒടുക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

തടസ്സം - 35000/-രൂപ

ഓഡിറ്റ് എൻക്വയറി നം.7/16.2.22

1-30 40,000/-രൂപ മുൻകൂർ കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്ട് നമ്പർ - 199/2019-20 ( ലൈഫ് മിഷൻ-ഭവന നിർമ്മാണം ജനറൽ )

വകയിരുത്തൽ – 63719800/-

ചെലവ് - 19940000/-

നിർവഹണ ഉദ്യോഗസ്ഥൻ- വി.ഇ.ഒ (കുളത്തൂപ്പുഴ സർക്കിൾ)

പദ്ധതിയിൽ ഉൾപ്പെട്ട ശ്രീമതി. റീജ, കൊട്ടുവിള വീട് വാർഡ് 14 എന്ന് ഗുണഭോക്താവിന് ചെക്ക് നമ്പർ 7491 തീയതി 03/05/2019 പ്രകാരം ലൈഫ് വായ്പ തുകയിൽ നിന്നും 40,000/-രൂപ അഡ്വാൻസായി നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഭവനനിർമ്മാണം ആരംഭിച്ചതായി കാണുന്നില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/16-02-2022) വി.ഇ.ഒ ലഭ്യമാക്കിയ മറുപടിയിൽ നിർമ്മാണം ആരംഭിക്കാത്തപക്ഷം തുക തിരികെ ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. പ്രവർത്തിയുടെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മരാമത്ത് പ്രവൃത്തി - അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നതിൽ അപാകത : 26,693/-രൂപ ഈടാക്കണം.

1. പ്രോജക്ട് നമ്പർ.എസ് ഒ 209 : കല്ലുവെട്ടാംകുഴി മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്റർ നിർമ്മാണം.

ടി എസ് നം. – 53426/18-19

അടങ്കൽ തുക – 10,00000/-രൂപ.(വികസന ഫണ്ട് -ജനറൽ)

ചെലവ് – 619670/-രൂപ(ബിൽ നം.04/6.5.19:599677/-രൂപ,

ബിൽ നം.111/5.1.21:19993/-രൂപ)

കരാറുകാരൻ – ശ്രീ.ജാഫർഖാൻ.

കരാർ നം. – 30/ae/lsgd/kpza/18-19 തീയതി.12.10.2018

M-Book No. – 43/18-19

പ്രവർത്തിയുടെ എസ്റ്റിമേറ്റിൽ Solid Block Masonry (50.6.12), 12 Mm Cement Plaster (13.1.1) എന്നീ ഇനം പ്രവർത്തികളിൽ ഡോറുകൾ വിൻഡോകൾ എന്നിവയുടെ ആനുപാതിക അളവുകൾ യഥാക്രമം 0.45 M3(@5800), 2.25 M3 (@212.51)എന്നീ അളവുകളിൽ കുറവു വരുത്തിയിട്ടുണ്ട്. എന്നാൽ മേൽ പ്രവർത്തികളുടെ അളവുകൾ M-book ൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ പരാമർശ കിഴിവുകൾ കണക്കിലെടുത്തിട്ടില്ല. ഇതുമൂലം 3088/- രൂപയുടെ അധിക ചെലവ് ഉണ്ടായതായി ബോദ്ധ്യപ്പെട്ടു.

കൂടാതെ 16.02.22 അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിലും മേൽ പ്രവർത്തിയുടെ M-bookൽ രേഖപ്പെടുത്തിയിരിക്കുന്ന അളവുകളും യഥാർത്ഥ അളവുകളും തമ്മിൽ വ്യത്യാസമുള്ളതായും ബോധ്യപ്പെട്ടിട്ടുണ്ട്. ഇത്തരം വ്യത്യാസങ്ങളുടെ ഫലമായി ഓഡിറ്റിൽ കണക്കാക്കിയ 19919/-രൂപായുടെ അധിക ചെലവ് ഓഡിറ്റ് എൻക്വയറി നമ്പർ13/17.2.22 പ്രകാരം ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ 17 02.2022 ലെ121010105527-ാം നമ്പർ രസീത് പ്രകാരം തിരികെ ഒടുക്കി രസീത്പരിശോധിച്ച് അടവ് വിവരം ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

2. പ്രോജക്ട് നമ്പർ: എസ് ഒ.214 കല്ലുവെട്ടാംകുഴി എ.ബി.സി. പ്രോഗ്രാമിനുള്ള ഓപ്പറേഷൻ തിയേറ്റർ നിർമ്മാണം.

ടി എസ് നം. – 88534/18-19

അടങ്കൽ തുക – 10,00000/-രൂപ. (വികസന ഫണ്ട് -ജനറൽ : 680000/-, തനത് ഫണ്ട് : 320000/-)

ചെലവ് – 740765/-രൂപ (ബിൽ നം.08/6.5.19:6,80,000/-രൂപ,

ചെക്ക് നം. – 007425/28.3.2019: 28560/-രൂപ, ചെക്ക് നം.201106/6.2.21: 32205/-രൂപ)

കരാറുകാരൻ – ശ്രീ.ജാഫർഖാൻ.

കരാർ നം. – 42/ae/lsgd/kpza/18-19 തീയതി.09.11.2018

M-Book No. – 44/18-19

പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ Solid Block Masonry (50.6.12), 12 Mm Cement Plaster (13.1.1) എന്നീ ഇനം പ്രവർത്തികളിൽ ഡോറുകൾ, വിൻഡോകൾ എന്നിവയുടെ അളവുകൾ യഥാക്രമം 1.170m3 (@5800), 9.45 M3 (@256) എന്നീ അളവുകളിൽ കുറവു വരുത്തിയിട്ടുണ്ട്. എന്നാൽ മേൽ പ്രവർത്തികളുടെ അളവുകൾ M-book ൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ പരാമർശ കിഴിവുകൾ കണക്കിലെടുത്തിട്ടില്ല. ഇതുമൂലം 9205/- രൂപയുടെ അധിക ചെലവ് ഉണ്ടായതായി ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടു.

3. മരാമത്ത് പ്രവൃത്തികൾ : എർത്ത് വർക്ക് എസ്കവേഷൻ പ്രവൃത്തി - എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന അളവുകളും സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടഅളവും തമ്മിൽ വ്യത്യാസം.14400/-രൂപായുടെ അധിക ചെലവ്

പ്രോജക്ട് നമ്പർ എസ്.ഒ.209 കല്ലുവെട്ടാംകുഴി മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്റർ, പ്രോജക്ട് നമ്പർ എസ്.ഒ 214 എ.ബി.സി പ്രോഗ്രാമിനുള്ള ഓപ്പറേഷൻ തിയേറ്റർ നിർമ്മാണം എന്നീ പദ്ധതികൾ പ്രകാരം നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയറുടെയും ഓവർസിയറുടേയും സാന്നിദ്ധ്യത്തിൽ 16.2.2021ൽ സ്ഥല പരിശോധന നടത്തുകയുണ്ടായി.സ്ഥല പരിശോധനയിൽ രണ്ട് കെട്ടിടങ്ങളും ഒരു പ്ലോട്ടിൽ തന്നെയാണ് നിർമ്മിച്ചിട്ടുള്ളത് എന്ന് ബോദ്ധ്യമായി. മെറ്റീരിയൽ ഫെസിലിറ്റേഷൻ സെന്റർ നിർമ്മാണം എന്ന പ്രവൃത്തിയുടെ എം ബുക്ക് നമ്പർ 43/18-19ൽ 1ാം ഇനമായി സൈറ്റ് ക്ലിയറൻസിന്റെ ഭാഗമായി Earth Work Excavation (2.6.1)എന്ന പ്രവൃത്തി 1*30*12*0.30 എന്ന അളവുകളിൽ (പേജ് നം.1) 108 M3 നിർവഹിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു.(അളവ് രേഖപ്പെടുത്തിയ തീയതി 17.10.2018). ഇതിന് 154.76/m3 നിരക്കിൽ 16714/-രൂപ കരാറുകാരന് നൽകിയിട്ടുണ്ട്.

ഈ കെട്ടിടത്തിന് തൊട്ടടുത്തായിട്ടാണ് പ്രോജക്ട് നമ്പർ എസ്.ഒ 214 പ്രകാരമുള്ള എ ബി സി പ്രോഗ്രാമിനുള്ള ഓപ്പറേഷൻ തിയേറ്റർ കെട്ടിടവും നിർമ്മിച്ചിട്ടുള്ളത്. ഈ പ്രവൃത്തിയിലും എം ബുക്കിൽ(നമ്പർ 44/18-19) 1-ാം ഇനമായി സൈറ്റ് ക്ലിയറൻസിനായി Earth Work Excavation(2.6.1) എന്ന പ്രവൃത്തി 1*30*12*0.30 എന്ന അളവുകളിൽ (പേജ് നം.1) 108 M3 ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു.(അളവ് രേഖപ്പെടുത്തിയ തീയതി 14.11.2018). ഇതിന് 180/m3രൂപ നിരക്കിൽ 19440/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. സ്ഥല പരിശോധനയിൽ മേൽ പരാമർശിച്ച ഇരു കെട്ടിടങ്ങൾക്കുമായി 37.8 X 12 X 0.30=136 M3 എന്ന അളവിൽ മാത്രമാണ് മണ്ണ് നീക്കം ചെയ്തിട്ടുള്ളത് എന്ന് ഓഡിറ്റിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അതായത് 80m3 Earth Work Excavation പ്രവർത്തിക്ക് 180/m3 നിരക്കിൽ 14400/- രൂപ അനധികൃതമായി കരാറുകാരന് നൽകിയിട്ടുള്ളതായി ഓഡിറ്റിൽ കണക്കാക്കുന്നു.

അപാകതകൾക്കുമേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/17.02.2022) മറുപടിയായി, പരാമർശം ബന്ധപ്പെട്ട അസി.എഞ്ചിനീയറെ രേഖാമൂലം അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും നിലവിലെ അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കി.

മേൽ പരാമർശ മൂന്ന് പ്രവൃത്തികളിലായി ആകെ കണക്കാക്കിയ അധിക ചെലവ് 46612/-രൂപയിൽ തിരികെ ഒടുക്കുവരുത്തിയ 19919/- രൂപ കിഴിച്ചുള്ള 26693/-(3088+9205+14400) രൂപ ഉത്തരവാദിയായ അസി.എഞ്ചിനീയറിൽനിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തി വിവരം ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.13/20-21/17.02.2022

3-2 എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കൽ - ഇൻവോയ്സ് പ്രകാരമുള്ളതിനേക്കാൾ 2,748/- രൂപ കൂടുതൽ നൽകി.

പ്രോജക്ട് നമ്പർ - 171/21
അടങ്കൽ തുക- 2,90,250/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)
ചെലവായ തുക - 2,05,749/- ( ബിൽ നമ്പർ - 5/20-21/10-6-20)
53,499/- ( ബിൽ നമ്പർ - 23/20-21/30-11-20)
ആകെ - 2,59,248/-

"അമ്മിണി എനർജി സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് " ൽ നിന്നും 20 W ന്റെ 225 LED ലൈറ്റുകൾ 1140/-രൂപ നിരക്കിൽ വാങ്ങിയതിന് 259248/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ 23.1.20-ലെ INV - AA 0472 പ്രകാരം 2,56,500/-രൂപയാണ് ലൈറ്റുകളുടെ വിലയായി ആവശ്യപ്പെട്ടത് (229017.83 + 13741.07 (6% CGST) + 13741.07 (6% SGST). അധികമായി നൽകിയ 2748/-രൂപ തിരികെ ഈടാക്കേണ്ടതാണ്. കൂടാതെ GST ഇനത്തിൽ അടക്കേണ്ട തുകകൾ സ്ഥാപനം ഒടുക്കിയതിന്റെ രേഖകളും ഹാജരാക്കേണ്ടതാണ്.

3-3 എൽ എസ് ജി ഡി അസിസ്റ്റന്റ് എൻജിനീയർക്ക് വാഹനസൗകര്യം - പദ്ധതി മാനദണ്ഡങ്ങൾ പാലിക്കാതെ തുക ചെലവ് വരുത്തി - ചെലവഴിച്ച 79,782/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

പ്രോജക്ട് നമ്പർ - എസ് 140 /21
അടങ്കൽ തുക : 400000/- (തനത് ഫണ്ട്)
നിർവ്വഹണ അധികാരി: പഞ്ചായത്ത് സെക്രട്ടറി
ആകെ ചെലവ്- 479782/-

പദ്ധതിഫയൽ പരിശോധിച്ചതിൽ, പദ്ധതി നടത്തിപ്പിൽ ചുവടെചേർക്കുന്ന അപാകതകൾ ഓഡിറ്റ് നിരീക്ഷിക്കുന്നു.

പഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ആവശ്യത്തിനായി ഒരു മാസം ശരാശരി വിനിയോഗം 1500 കിലോമീറ്റർ എന്ന് കണക്കാക്കി, ആയതിനുള്ള അടിസ്ഥാന നിരക്കും തുടർന്നു വരുന്ന ഓരോ കിലോമീറ്ററിനും ബാധകമാവുന്ന നിരക്കും രേഖപ്പെടുത്താനാവശ്യപ്പെട്ടായിരുന്നു ക്വട്ടേഷൻ ക്ഷണിച്ചത്. (ക്വട്ടേഷൻ നോട്ടീസ് നമ്പർ: ഇല്ല/തീയതി 29.02.2020. 1500 കിലോമീറ്ററിന് 25000/- രൂപയും തുടർന്ന് വരുന്ന ഓരോ കിലോമീറ്ററിനും 17/- രൂപയും എന്ന നിരക്ക് രേഖപ്പെടുത്തിയ ശ്രീ.ശിവകുമാർ,ആർ പി എൽ,2 എഫ് കോളനി,കുവക്കാട് എന്ന ആളുടെ ക്വട്ടേഷൻ 12.03.2020 ലെ 10(1) തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു.

എന്നാൽ ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ 2020-21 വർഷത്തിൽ വാഹന വാടക ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം ചെലവുകൾ നടത്തിയിട്ടുള്ളതായി കാണുന്നു.

| ക്രമ നമ്പർ | വൗച്ചർ നം / തീയതി | ഓടിയ ദൂരം | കാലയളവ് | അനുവദിച്ച്നൽകിയ തുക |
|---|---|---|---|---|
| 1. | 220000013/3.4.20 | 2113 | 1.2.20-29.2.20 | 35921/-* |
| 2. | 22000126/26.5.20 | 2227 | 13.3.20-12.4.20 | 37359/- |
| 3. | 22000157/4.6.20 | 1113 | 1.3.20-12.3.20 | 18921/- |
| 4. | 22000224/24.6.20 | 3289 | 13.4.20-12.5.20 | 55413/- |
| 5. | 22000275/9.7.20 | 3086 | 13.5.20-12.6.20 | 51962/- |
| 6. | 22000375/10.8.20 | 1800 | 13.6.20-12.7.20 | 30100/- |
| 7. | 22000533/22.9.20 | 1985 | 13.7.20-12.8.20 | 33245/- |
| 8. | 22000594/6.10.20 | 1869 | 13.8.20-12.9.20 | 31273/- |

| | | | | |
|---|---|---|---|---|
| 9. | 22000729/10.11.20 | 2027 | 13.9.20-12.10.20 | 33959/- |
| 10. | 22000826/7.12.20 | 1899 | 13.10.20-12.11.20 | 31783/- |
| 11. | 22000913/7.1.21 | 2884 | 13.11.20-12.12.20 | 48528/- |
| 12. | 22001111/29.1.21 | 1991 | 13.12.20-12.1.21 | 33347/- |
| 13. | 22001290/2.3.21 | 2263 | 13.1.21-12.2.21 | 37971/- |
| | | | ആകെ | 479782/- |

*2113 കിലോ മീറ്ററിനും 17/- രൂപ നിരക്കിൽ തുക നൽകി.

മേൽ പരാമർശ ചെലവുകളിൽ നിന്നും 25000/-രൂപ എന്ന പരിധിയിൽ ചെലവ് നിജപ്പെടുത്താൻ ഒരു മാസത്തിൽപ്പോലും ശ്രമം ഉണ്ടായിട്ടില്ല എന്ന് വ്യക്തമാകുന്നു. 5/20, 6/20, 7/20 എന്നീ മാസങ്ങളിൽ മിക്കദിവസങ്ങളിലും വാഹനം പഞ്ചായത്ത് അതിർത്തിക്ക് പുറത്തുള്ള 'പൊടിയാട്ടുവിള' എന്ന സ്ഥലത്ത് രണ്ടു തവണ പോയി വന്നതായി വൗച്ചറിനൊപ്പം ഹാജരാക്കിയ ലോഗ് ബുക്ക് പകർപ്പിൽ അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്തുന്നു. അസിസ്റ്റന്റ് എൻജിനീയറെ താമസസ്ഥലത്ത് പോയി കൊണ്ടുവന്നതിനും തിരികെ എത്തിച്ചതിനു മാണ് വാഹനം ഇത്തരത്തിൽ ഓടിയത് എന്ന് അസിസ്റ്റന്റ് എൻജിനീയർ തന്നെ വിശദീകരിച്ചിട്ടുണ്ട്. ലോഗ് ബുക്കിൽ സാക്ഷ്യപ്പെടുത്തി യിരിക്കുന്ന പൊടിയാട്ടുവിള എന്ന സ്ഥലത്തേക്ക് കുളത്തുപ്പുഴ നിന്നുള്ള ദൂരം 27 കിലോമീറ്റർ മാത്രമാണെന്ന് കാണുന്നു. (അവലംബം ഗൂഗിൾ മാപ്പ്) അതായത് ഒരു ദിവസം രണ്ട് ട്രിപ്പുകൾക്കായി 108 കിലോമീറ്റർ. എന്നാൽ 144 കിലോമീറ്റർ എന്ന് രേഖപ്പെടുത്തിയാണ് ലോഗ് ബുക്കിൽ സാക്ഷ്യപ്പെടുത്തൽ നടത്തിയിരിക്കുന്നത് ഇത്തരത്തിൽ ഇരു ട്രിപ്പുകളിലുമായി അധികമായി രേഖപ്പെടുത്തിയ 36 കിലോമീറ്ററിന് 17 രൂപ നിരക്കിൽ ഓരോ ദിവസവും അനധികൃതമായി 612/-രൂപാവീതം ചെലവഴിച്ചതായി ഓഡിറ്റ് കണക്കാക്കുന്നു.

അപാകതകൾക്കുമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/18.02.22 ന് മറുപടിയായി കോവിഡ് 19 പശ്ചാത്തലത്തിലെ വാഹന ഉപയോഗത്തിന്റെ ബില്ല് മാറി നൽകുന്നതിനും തുടർന്നു വരുന്ന മാസങ്ങളിൽ വാഹനം നിയന്ത്രിതമായി മാത്രം ഓടിയാൽ മതി എന്നുള്ള നിർദേശം എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എൻജിനീയർക്ക് നൽകുന്നതിനും 15.6.20 ലെ 8/2 പ്രകാരം തീരുമാനം കൈക്കൊണ്ടിരുന്നു എന്നും പഞ്ചായത്ത് സെക്രട്ടറി വിശദീകരിക്കുന്നു. കൂടാതെ 'പൊടിയാട്ടുവിള' പോയി വന്ന ഇനത്തിൽ അധികം ചെലവഴിക്കേണ്ടി വന്ന തുക എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എൻജിനീയറുടെ റിക്വിസിഷൻ പ്രകാരമാണ് ചെലവഴിച്ചിട്ടുള്ളത് എന്നതിനാൽ,തുക കണക്കാക്കി അസിസ്റ്റന്റ് എൻജിനീയറിൽ നിന്നും തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് സംബന്ധമായ ഉപയോഗത്തിനാണ് വാഹന സൗകര്യം ഒരുക്കാൻ അനുമതിയുള്ളത്. വാഹനത്തിന്റെ അധിക വിനിയോഗം ശ്രദ്ധയിൽപെട്ട പഞ്ചായത്ത് കമ്മിറ്റി തുടർന്നുള്ള മാസങ്ങളിൽ നിയന്ത്രിതമായി മാത്രം വാഹനം ഓടിയാൽ മതി എന്ന നിർദ്ദേശം നൽകിയിട്ടും നിയന്ത്രണങ്ങൾ തുടർന്നും പാലിക്കപ്പെട്ടിട്ടില്ല. പദ്ധതി അടങ്കൽ തുകയ്ക്ക് ഉപരിയായി തുക ചെലവഴിച്ച എന്നതിൽ നിന്നും പദ്ധതിനിർവഹണാധികാരിയായ പഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തുനിന്നും, ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി അംഗങ്ങളുടെ ഭാഗത്തുനിന്നും ഗുരുതരമായ മേൽനോട്ട കുറവുണ്ടായതായി ഓഡിറ്റ് നിരീക്ഷിക്കുന്നു. പഞ്ചായത്തിന്റെ കീഴിൽ ജോലിചെയ്യുന്ന ഒരു ഉദ്യോഗസ്ഥയ്ക്ക് വേണ്ടി പരിധിയില്ലാതെ തുക ചെലവഴിക്കുന്നത് ന്യായികരിക്കാൻ കഴിയുന്നതല്ല. അംഗീകൃത പദ്ധതി അടങ്കൽ തുകയായ 400000/-രൂപ ഉപരിയായി ചെലവഴിച്ച 79782/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ലോഗ് ബുക്ക് പരിശോധിച്ച് മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിനുള്ള യാത്രയ്ക്ക് അല്ലാതെ ചെലവഴിച്ചിട്ടുള്ള തുക ആ കാലയളവിലെ അസിസ്റ്റന്റ് എൻജിനീയറിൽ നിന്ന് ഈടാക്കി ഒടുക്കു വരുത്തി രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

മേൽ വിഷയങ്ങളിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. പഞ്ചായത്ത് ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കപ്പെടുന്നുണ്ടോയെന്ന് തുടർന്ന് നിരീക്ഷണം പഞ്ചായത്ത്

ഭരണസമിതിയുടെ ഭാഗത്തുനിന്ന് തന്നെ ഉണ്ടാകേണ്ടതുണ്ട്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 19.02.2021 | KSA-KLM-P1/396/22 Dtd.16.7.22 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ഒ.ബി | ലഭിച്ച തുക(രൂപ) | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 0 | 525400/- | ശാരീരിക മാനസിക വൈകല്യമുള്ള കട്ടികൾക്ക് സ്കോളർഷിപ്പ് (പ്രോ. നം. 22) | 525400/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 0 | 234336/- | അംഗൻവാടി പോഷകാഹാരം (ജനറൽ) (പ്രോ. നം. 24) | 234336/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 1012804/- | 0 | ലൈഫ് ഭവന നിർമ്മാണം (എസ്.സി.പി) (പ്രോ. നം. 134) | 0 | 1012804/- |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 950685/- | 0 | ലൈഫ് ഭവന നിർമ്മാണം (റ്റി.എസ്.പി) (പ്രോ. നം. 135) | 0 | 950685/- |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 2345240/- | 0 | ലൈഫ് ഭവന നിർമ്മാണം (ജനറൽ) (പ്രോ. നം. 264) | 0 | 2345240/- |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 0 | 1825000/- | ലൈഫ് ഭൂമിവാങ്ങൽ (എസ്.സി) (പ്രോ. നം. 266) | 1825000/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 0 | 3900000/- | ലൈഫ് ഭൂമിവാങ്ങൽ (ജനറൽ) (പ്രോ. നം.267) | 3900000/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 0 | 600000/- | ലൈഫ് ഭവന നിർമ്മാണം (എസ്.റ്റി) (പ്രോ. നം. 271) | 600000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 0 | 500000/- | ശാരീരിക മാനസിക വൈകല്യമുള്ള കട്ടികൾക്ക് സ്കോളർഷിപ്പ് | 500000/- | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | (പ്രോ. നം. 22) | | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 0 | 150000/- | അംഗൻവാടി പോഷകാഹാരം (ജനറൽ) (പ്രോ. നം. 24) | 150000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 0 | 1000000/- | അംഗൻവാടി പോഷകാഹാരം (എസ്.സി.പി) (പ്രോ. നം. 25) | 1000000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 0 | 1000000/- | കുടിവെള്ള പദ്ധതിക്ക് പൈപ്പ്ലൈൻ നീട്ടൽ (പ്രോ. നം. 153) | 1000000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 191118/- | 0 | ലൈഫ് ഭവന നിർമ്മാണം (ജനറൽ) (പ്രോ. നം. 264) | 0 | 191118/- |
| ജില്ലാ പഞ്ചായത്ത് | 2020-21 | 0 | 5625000/- | ലൈഫ് ഭൂമിവാങ്ങൽ (എസ്.സി) (പ്രോ. നം. 266) | 5625000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 0 | 6660000/- | ലൈഫ് ഭൂമിവാങ്ങൽ (ജനറൽ) (പ്രോ. നം.267) | 6660000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 0 | 250000/- | ലൈഫ് ഭവന നിർമ്മാണം (എസ്സ്.റ്റി) (പ്രോ. നം. 271) | 250000/- | 0 |
| | | 4499847/- | 22269736/- | | 22269736/- | 4499847/- |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വിവിധ കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ നീട്ടൽ | 01/27.05.2020 | 1000000/- | - | 1000000/- |
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22/19.11.2020 | 58469/- | 58469/- | ഇല്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ.(പി) നം.90/2019 /തസ്വഭവ തീയതി 05/04/2019, 28/10/2019 | 52220000 | 2,83,52,353/- | 2,88,60,000/- | 40,99,686/- | | 5,31,12,667/- |

വാർഷിക കണക്കിലെ തുകകളിൽ അപാകതയുണ്ട് ആയത് ഖണ്ഡിക 1-2-1ൽ പ്രതിപാദിച്ചിട്ടുണ്ട്.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 15011000/- |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 15011000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 15011000/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്.) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കേരള ഗ്രാമീൺ ബാങ്ക് | 30.09.2014 | 7.11.19 | 1000000/- | |
| 2 | കേരള ഗ്രാമീൺ ബാങ്ക് | 07.11.2016 | 30.9.19 | 500000/- | |
| 3 | കൊല്ലം സഹകരണ മിൽ | 8.3.78 | 2 Years | 200/- | |
| 4 | കൊല്ലം സഹകരണ മിൽ | 7.9.83 | 2 Years | 800/- | |
| ആകെ | | | | 15011000/- | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തീയതി |
|---|---|---|---|---|
| | | ഇല്ല | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1998-1999 | 3 | 2000-2001 | പട്ടികജാതിദുർബല വിഭാഗങ്ങൾക്കുള്ള സൗരോർജ്ജ വിളക്ക് വിതരണം | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 1999-2000 | 34 | 2003-2004 | പദ്ധതിനിർവഹണം പൂർത്തീകരിക്കാത്തതു സംബന്ധിച്ച് | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2016-2017 | 3-6 | 2015-2016 (2-2) | രണ്ടുനില കെട്ടിടെ പണിയുന്നതിന് അനുമതി നേടിയ ശേഷം 3 നില കെട്ടിടം പണിതു. യാതൊരു ക്രമവൽകരണ നടപടികളും സ്വീകരിക്കാതെ കെട്ടിട നമ്പർ അനുവദിച്ച നൽകി | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2016-2017 | 3-10 | 2015-2016 (2-3) | കെട്ടിട നിർമ്മാണ ചട്ടങ്ങളും ജില്ലാ ഠൗൺ പ്ലാനറുടെ ഉത്തരവും പൂർണ്ണമായും ലംഘിച്ച് പണിത ഓഡിറ്റോറിയത്തിന് കെട്ടിട നമ്പർ അനുവദിച്ച് നൽകി | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

തൻവർഷം ഈ ഇനത്തിൽ തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 26693/- | ശ്രീ. വൈശാഖൻ, അസി. എൻജിനീയർ |
| 3-2 | | 2748/- | ശ്രീ.രമേഷ് കെ എസ്, സെക്രട്ടറി |
| 3-3 | | 79782/- | ശ്രീ.രമേഷ് കെ എസ്, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 49982/- | ഡോ.പ്രകാശ്<br>മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| 1-26 | 1000000/- | ശ്രീ.രമേഷ് കെ എസ്, സെക്രട്ടറി |
| 1-27 | 547470/- | ശ്രീ.രമേഷ് കെ എസ്, സെക്രട്ടറി |
| 1-28 | 92001/- | ശ്രീമതി അശ്വതി. പി. എം, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-29 | 35000/- | ശ്രീ.ശ്രീനാഥ്, വി.ഇ.ഒ |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രമേഷ് കെ എസ്, സെക്രട്ടറി | കുളത്തുപ്പുഴ ഗ്രാമപഞ്ചായത്ത് | ചാമവിള വീട്, K.T.കുന്ന് പി.ഒ കല്ലറ |
| ശ്രീ. വൈശാഖൻ, അസി. എൻജിനീയർ | അസി. എഞ്ചിനീയർ പള്ളിവാസൽ ഗ്രാമപഞ്ചായത്ത് | ശ്രീവൈശാഖം, കിളിമാനൂർ.പി.ഒ |
| ഡോ.പ്രകാശ്, മെഡിക്കൽ ഓഫീസർ | കുളത്തുപ്പുഴ ഗ്രാമപഞ്ചായത്ത് | പ്രകാശ്ഭവൻ, മുക്കോണിക്കൽ നെടുമങ്ങാട് പി.ഒ |
| ശ്രീമതി അശ്വതി. പി. എം, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | കുളത്തുപ്പുഴ ഗ്രാമപഞ്ചായത്ത് | അദ്ധ്വ വില്ല, കുളത്തുപ്പുഴ.പി.ഒ |
| ശ്രീ.ശ്രീനാഥ്, വി.ഇ.ഒ | അലയമൺ ഗ്രാമപഞ്ചായത്ത് | ശബരി ഭവൻ, ക്ലാവോട്, കോട്ടുക്കൽ.പി.ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 1998-1999 | കെ.എസ്.എ.കെ.എൽ.എം.പി1.376/2018 തീയതി 09.04.2018 | 01 |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം.പി1.376/2018 തീയതി 09.04.2018 | 02 |
| 2000-2001 | കെ.എസ്.എ.കെ.എൽ.എം.പി1.376/2018 തീയതി 09.04.2018 | 03 |
| 2001-2002 | കെ.എസ്.എ.കെ.എൽ.എം.പി1.376/2018 തീയതി 09.04.2018 | 03 |
| 2002-2003 | കെ.എസ്.എ.കെ.എൽ.എം.പി1.376/2018 തീയതി 09.04.2018 | 05 |
| 2003-2004 | എൽ.എഫ്.ക്യൂ.പി4/447/2007 തീയതി 30.03.2007 | 3 |
| 2004-2005 | കെ.എസ്.എ.കെ.എൽ.എം.പി1.376/2018 തീയതി 09.04.2018 | 04 |
| 2005-2006 | കെ.എസ്.എ.കെ.എൽ.എം.പി1.376/2018 തീയതി 09.04.2018 | 01 |
| 2006 -07 | എൽ.എഫ്.ക്യൂ.പെൻ/86/2009 തീയതി 03.02.2009 | 06 |
| 2007-08 | എൽ.എഫ്.ക്യൂ.പി4/1182/2011 തീയതി 07.12.2011 | 16 |

| | | |
|---|---|---|
| 2008-09 | എൽ.എഫ്.ക്യൂ.പി4/1325/2014<br>തീയതി 19.06.2014 | 14 |
| 2009-10 | എൽ.എഫ്.ക്യൂ.പി4/1325/2014<br>തീയതി 19.06.14 | 17 |
| 2010-11 | എൽ.എഫ്.ക്യൂ.പി4/735/2012<br>തീയതി 30.04.2013 | 16 |
| 2011-12<br>&<br>2012-13 | എൽ.എഫ്.ക്യൂ.പി4/2500/2013<br>തീയതി 23.07.2014 | 20 |
| 2013-14<br>&<br>2014-15 | കെ.എസ്.എ-കെ.എൽ.എം-പി4/805/2016<br>തീയതി 14.4.2017 | 22 |
| 2015-16 | കെ.എസ്.എ-കെ.എൽ.എംപി1/1219/2017<br>തീയതി 28.11.2017 | 15 |
| 2016-17 | കെ.എസ്.എ-കെ.എൽ.എം-പി1/1420/20<br>തീയതി 9.2.21 | 13 |
| 2017-18 | കെ.എസ്.എ-കെ.എൽ.എം-പി1/695/21<br>തീയതി 18.6.21/30.6.21 | 15 |
| 2018-19 | കെ.എസ്.എ-കെ.എൽ.എം-പി1/1386/20<br>3.5.21/21.6.21 | എല്ലാ ഖണ്ഡികകളും |
| 2019-20 | കെ.എസ്.എ-കെ.എൽ.എം-പി1/395/22/ 30.6.22 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം

## അനുബന്ധം-3

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്